# ST THOMAS HSS PALA
# 2019-2010

# നിറവ്

## DIGITAL MAGAZINE



## ഉള്ളടക്കം

... *കാക്ക ഒരു കഥയും ചില കാര്യങ്ങളും...*....4
*ഇനി അൽപ ദൂരം മാത്രം*....6
ഒരാൾക്ക് എത്ര ഭൂമി വേണം?....8
സിവിൽ സർവീസ്....10
മുതലാളി....14
ഒന്നിനും കൊള്ളാത്തവൻ....15
ഗ്രൂപ്പ്....18
CARTOON....19
ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം?....20
*ഒത്തൊരുമയിൽ മാത്രമാണ് ശക്തി*....23
*വയസ്സന്മാരെല്ലാം വെറും ഉണ്ണാക്കൻമാരല്ല*....24
ഒരു കഥ....25
WHO ARE YOU?....27
"വിവേചനം"....28
തിരിച്ചറിവ്....29
ഒറ്റയടി പാതകൾ....34
കോടീശ്വരൻ....35

NIRAVU
DIGITAL MAGAZINE
ST THOMAS HSS PALA
SCHOOL CODE: 31085
stthomashsspala@gmail.com

Published by
Little Kites ,St Thomas HSS Pala

## ... *കാക്ക ഒരു കഥയും ചില കാര്യങ്ങളും...*

ഞങ്ങളുടെ പിന്നാമ്പറത്തെ വീട്ടുമുറ്റത്ത് ദിവസവും രണ്ട് കാക്കകൾ വരും മുത്തശ്ശി മീൻ മുറിക്കുന്ന കൃത്യസമയം കാക്കയ്ക്കറിയാം, വന്ന് അടുത്തുള്ള കൊമ്പിലിരിക്കും.

മുത്തശ്ശി മീനിന്റെ അവശിഷ്ടം ഓരോന്നായ് കാക്കകൾക്ക് നൽകും കാലം കുറെ കഴിഞ്ഞു, നല്ല അച്ചടക്കമുള്ള രണ്ട് കാക്കകൾ മുറ്റത്തെ അത്യാവശ്യം വേസ്റ്റുകളും കൂടി കൊത്തി വൃത്തിയാക്കി തിരിച്ചു പോകും!

ഒരു ദിവസം പതിവുപോലെ മുത്തശ്ശി അരിവാളും വൃത്തിയാക്കേണ്ട മീനു മായ് മുറ്റത്തിറങ്ങി മീൻ വൃത്തിയാക്കാൻ തുടങ്ങി അന്ന് പതിവുപോലെ കാക്കകൾ കൃത്യമായ് ഹാജരായ്....... അല്പസമയം കഴിഞ്ഞില്ല.... അപ്രതീക്ഷിതമായ് അതിൽ ഒരു കാക്ക മുത്തശ്ശിയുടെ മുന്നിലിരുന്ന പാത്രത്തിൽ നിന്നും ഒരു മീനും കൊത്തിയെടുത്ത് മരക്കൊമ്പിലിരുന്ന് തീറ്റ തുടങ്ങി.

അപ്രതീക്ഷിതമായ കാക്കയുടെ വഴിവിട്ട ഈ പെരുമാറ്റത്തിൽ ദേഷ്യം പിടിച്ച മുത്തശ്ശി അടുത്തിരുന്ന ഒരു മരക്കഷ്ണം കാക്കയെ നോക്കി വലിച്ചെറിയുകയും അതിലൊരു കാക്ക താഴെ വീഴുകയും ചെയ്തു.

അടുത്തിരുന്ന മറ്റെ കാക്ക മറ്റൊരു കൊമ്പിൽ പോയിരുന്നു കാ കാ എന്ന് ഒരു പ്രത്യേക സ്വരത്തിൽ പലവട്ടം ശബ്ദമുണ്ടാക്കി എവിടെ നിന്ന് അറിയില്ല ഒരു പത്തിരുപത് കാക്കകൾ പറന്ന് വന്ന് സമീപത്തെ കൊമ്പുകളിൽ സ്ഥാനം പിടിച്ചു........ എല്ലാം മുത്തശ്ശിയെ ഏത് നിമിഷവും ആക്രമിക്കാൻ സന്നദ്ധമായ് നില്ക്കുകയാണ്.

പരിഭ്രാന്തയായ മുത്തശ്ശി മറു കാക്കകളെ വിളിച്ചു വരുത്തിയ കാക്കയെ നോക്കി പറഞ്ഞു.....

" എത്ര കാലമായ് നിനക്ക് ഞാൻ ഭക്ഷണം തരുന്നു, ചിലപ്പോൾ കളയേണ്ടതല്ലാത്ത ഭാഗം കൂടി നിനക്ക് തന്നത് ഓർമ്മയില്ലെ .... നീ അനുസരണക്കേട് കാണിച്ചതു കൊണ്ടല്ലെ ഞാൻ അങ്ങനെ ചെയ്തത് അത് നിനക്ക് ക്ഷമിക്കാവുന്ന കാര്യമല്ലെ ഉള്ളൂ"

എന്ന് പറഞ്ഞ് താഴെ വീണ കാക്കയെ പറത്തി വിടാൻ മുത്തശ്ശി ശ്രമിക്കവെ കാക്കകളെല്ലാം ബഹളം കൂട്ടി മുത്തശ്ശിയെ ആക്രമിക്കാൻ തുടങ്ങി.

ശബ്ദം കേട്ട് മുത്തശ്ശൻ ഓടിയെത്തി ഊന്നുവടിയെടുത്തും കല്ലെടുത്തും കാക്കകളെ അകറ്റി മുത്തശ്ശിയെ ഒരു വിധം രക്ഷിച്ചെടുത്തു.

*ഗുണപാഠം 1*
കാക്കകൾ സംഘടിതരാണ് കൂടെയുള്ള ഒന്നിനെ തൊട്ടാൽ എത്ര സൗഹൃദമുള്ളവരെ ആയാലും അത് നിർദ്ദാക്ഷിണ്യം അക്രമിച്ചിരിക്കും.

*ഗുണ പാഠം 2*
കൂടെയുള്ള ഒരു കാക്ക എന്ത് വൃത്തികേട് കാണിച്ചാലും അതിനെ ജീവൻ കൊടുത്തും മറ്റുള്ളവ സംരക്ഷിക്കും

*ഗുണപാഠം 3*
കാക്കയെ നിങ്ങൾ എത്ര സ്നേഹിച്ചാലും ,പരിഗണിച്ചാലും, അതിന് വേണ്ടതെന്ത് കൊടുത്താലും അത് തിരിച്ച് നിങ്ങളോട് സൗമനസ്യമോ സൗഹൃദമോ കാണിച്ചെന്ന് വരില്ല കാരണം നിങ്ങൾ ഒരു കാക്കയല്ല!

-ALBIN SABU 8A

## *ഇനി അൽപ ദൂരം മാത്രം*

ഒരു തിരക്ക് പിടിച്ച ബസ്സിൽ യാത്ര ചെയ്തിരുന്ന യുവതിയുടെ അടുത്ത് കൈ നിറയെ ബാഗുകളും ആയി ഒരു വൃദ്ധ വന്നിരുന്നു,അവരും ബാഗുകളും കൂടിയായപ്പോൾ ഒട്ടും സ്ഥലം ഇല്ലാതെ ഞെരുങ്ങി ഇരിക്കേണ്ടി വന്നിരുന്ന യുവതിയുടെ അവസ്ഥ കണ്ടപ്പോൾ വിഷമം തോന്നിയ, എതിരെ ഇരുന്ന ഒരാൾ, അവരോടു ചോദിച്ചു,

നിങ്ങൾ എന്ത് കൊണ്ടാണ് പ്രതികരിക്കാത്തത്? ആ ബാഗുകൾ താഴെ വെക്കാൻ വൃദ്ധയോടു  പറയാത്തത് എന്ത് കൊണ്ടാണ്?

അപ്പോൾ ഒരു ചിരിയോടെ ആ യുവതി പറഞ്ഞു,
ഇത്ര ചെറിയ ഒരു കാര്യത്തിന് ഞാൻ എന്തിനു ഇത്ര പ്രാധാന്യം കൊടുക്കണം? ദേഷ്യപ്പെടുകയോ, തർക്കിക്കുകയോ ചെയ്യണം?  ഞാൻ അടുത്ത സ്റ്റോപ്പിൽ ഇറങ്ങുകയാണ്,  ഞങ്ങൾ ഒരുമിച്ചുള്ള ഈ യാത്ര
*ഇനി അൽപ ദൂരം മാത്രം*

സത്യത്തിൽ ജീവിതത്തിലെ എന്ത് പ്രസക്തമായ ഒരു കാര്യം ആണ് ആ ഉത്തരത്തിലൂടെ യുവതി പറഞ്ഞു വെച്ചത്,
"സുവർണ്ണ ലിപികളിൽ കുറിക്കേണ്ടത്"

നമ്മൾ ഒരുമിച്ചുള്ള ഈ യാത്ര

*ഇനി അൽപ ദൂരം മാത്രം* എന്നിരിക്കെ ഒരു തർക്കത്തിന്റെയും വഴക്കിന്റെയും പ്രസക്തി എന്താണ് ?

നമ്മുടെ ഈ ജീവിതം എത്ര നശ്വരം ആണെന്നും, ചെറുതാണെന്നും വഴക്കുകൾ കൊണ്ടോ, അനാവശ്യ തർക്കങ്ങൾ കൊണ്ടോ, നന്ദി കേട്ട കൊണ്ടോ, ആരോടും ക്ഷമിക്കാതിരിക്കുന്നത് കൊണ്ടോ ഇരുൾ പരത്തേണ്ട ഒന്നല്ല അതെന്നും നമ്മൾ ഓരോരുത്തരും തിരിച്ചറിഞ്ഞെങ്കിൽ, അല്ലേ?

നിങ്ങളുടെ ഹൃദയം ആരെങ്കിലും തകർത്തുവോ? അവരോട് ക്ഷമിക്കൂ, കാരണം ഒരുമിച്ചുള്ള ഈ യാത്ര **ഇനി അൽപ ദൂരം മാത്രം**

നിങ്ങളെ ആരെങ്കിലും അപമാനിച്ചോ?
ചതിച്ചോ?
നാണം കെടുത്തിയോ?
വിഷമിക്കണ്ട, ഒരുമിച്ചുള്ള ഈ യാത്ര
*ഇനി അൽപ ദൂരം മാത്രം*
എന്നോർത്താൽ മതി

എന്തെങ്കിലും ശിക്ഷ വേണ്ടപ്പെട്ട ആരെങ്കിലും തന്നാലും ഓർക്കൂ, അവരോടൊപ്പം ഒരുമിച്ചുള്ള ഈ യാത്ര *ഇനി അൽപ ദൂരം മാത്രം*

മനസ് മുഴുവൻ നന്ദിയും സ്നേഹവും മാധുര്യവും കൊണ്ട് നിറക്കൂ,
നന്ദി ഒരു അനുഗ്രഹം ആണ്,
ഭീരുക്കൾക്കോ,
മനസ്സിൽ തിന്മ നിറഞ്ഞവർക്കോ കിട്ടാത്ത ഒന്ന്

അത് കൊണ്ട് തന്നെ,
ഉള്ള കാലം നമുക്ക് സന്തോഷത്തോടെ, സ്നേഹത്തോടെ,
നന്ദിയോടെ,
പരസ്പരം മാപ്പ് കൊടുത്തു കൊണ്ട്,
തെറ്റുകൾ പൊറുത്തു കൊണ്ട് മുന്നോട്ട് പോകാം,

**കാരണം,**
**തിരിച്ചു പോക്കില്ലാത്ത,**
**എപ്പോൾ ആര് ഏതു സ്റ്റോപ്പിൽ**
**ഇറങ്ങുമെന്നു മുൻകൂട്ടി പ്രവചിക്കാൻ ആവാത്ത ഈ യാത്ര**
***ഇനി അൽപ ദൂരം മാത്രം*......**

**⚘◯◯⚘* NELSON SABU 8A

## ഒരാൾക്ക് എത്ര ഭൂമി വേണം?

-----------------------------------------------

**വിശ്വവിഖ്യാതനായ റഷ്യൻ സാഹിത്യകാരൻ ലിയോ ടോൾസ്റ്റോയിയുടെ 'യുദ്ധവും സമാധാനവും' (War and Peace) എന്ന ചെറുകഥാ സമാഹാരത്തിൽ മനോഹരമായ ഒരു കഥയുണ്ട്. 'ഒരാൾക്ക് എത്ര ഭൂമി വേണം?' എന്നാണ് കഥയുടെ പേര്.**

**രാജാവ് സൗജന്യമായി ഭൂമി വിതരണം ചെയ്യുന്ന വാർത്ത നാട്ടിലൊക്കെ വിളംബരം ചെയ്തു. തികച്ചും സൗജന്യമായി വസ്തു സ്വന്തമാക്കാൻ ചെറിയ ഒരു നിബന്ധന പാലിച്ചാൽ മതി. ഒരു ദിവസം ഒരാൾ എത്ര ഭൂമി നടന്നു പൂർത്തിയാക്കുന്നുവോ അത്രയും സ്ഥലം അയാൾക്ക് അവകാശമാക്കാം.**

**ഭൂമി മോഹിച്ചെത്തിയവരുടെ കൂട്ടത്തിൽ പാവപ്പെട്ട പാഹമെന്ന ഒരു ചെറുപ്പക്കാരനും ഉണ്ടായിരുന്നു. രാവിലെ തന്നെ കൊട്ടാരത്തിലെത്തിയ പാഹമിന് രാജസേവകൻ സ്വന്തമാക്കാനുള്ള ഭൂമി കാട്ടിക്കൊടുത്തു. അത്യുത്സാഹത്തോടെ അയാൾ നടപ്പാരംഭിച്ചു. നടന്നാൽ കുറച്ചു ഭൂമിയേ സ്വന്തമാക്കാൻ കഴിയൂ എന്ന് ചിന്തിച്ച് അയാൾ വേഗം ഓടാൻ തുടങ്ങി. ഇടയ്ക്ക് കലശലായി ദാഹിച്ചെങ്കിലും വെള്ളം കുടിക്കാൻ നിന്നാൽ സ്ഥലം നഷ്ടപ്പെടുന്നതോർത്ത് അതിന് തുനിഞ്ഞില്ല.**

**ഭക്ഷിക്കാൻ സമയം കളയാതെ കൂടുതൽ ഭൂമിയ്ക്കായി ഓട്ടം തുടർന്നു. ഇടയ്ക്ക് കുഴഞ്ഞു വീണെങ്കിലും ഇഴഞ്ഞും വലിഞ്ഞുമൊക്കെ പാഹം ഭൂമി കൈവശമാക്കൽ അനസ്യൂതം തുടർന്നു.**

ഒടുവിൽ സന്ധ്യയായപ്പോൾ രാജാവ് പാഹമിനെ അനുഗമിച്ച രാജസേവകനോട് പാഹം എത്ര ഭൂമി സ്വന്തമാക്കി എന്ന് ചോദിച്ചു.
“ആറടി മണ്ണ്” സേവകൻ ഉത്തരം പറഞ്ഞു.
യഥാർത്ഥത്തിൽ എന്താണ് പാഹമിന് സംഭവിച്ചത്?

വെള്ളം കുടിക്കാതെയും ഭക്ഷണം ആസ്വദിക്കാതെയും ക്ഷീണിച്ചവശനായ പാഹം തളർന്നു വീണു മരിച്ചു. ആറടി മണ്ണിൽ കുഴിച്ച കുഴിയിൽ അയാളെ അടക്കം ചെയ്തു.
ടോൾസ്റ്റോയി എഴുതിയ ഈ കഥയ്ക്ക് നാമുമായി എന്തെങ്കിലും ബന്ധമുണ്ടോ? മനസ്സിരുത്തി ചിന്തിച്ചാൽ, നാമും ഈ പാഹമിനെപ്പോലെയല്ലേ?

വെട്ടിപ്പിടിക്കാനും സ്വന്തമാക്കാനുമുള്ള പരക്കം പാച്ചിലിലല്ലേ നാമോരുത്തരും! ശരിക്കൊന്നു വിശ്രമിക്കാനാകാതെ, നന്നായി ഒന്നുറങ്ങാൻ കഴിയാതെ, കുടുംബത്തോടൊപ്പം അൽപം സമയം ചെലവഴിക്കാനാകാതെ മക്കളുടെ കളികളും കുസൃതികളും ആസ്വദിക്കാൻ സാധിക്കാതെ എവിടേയ്ക്കാണീ ദ്രുത ഗമനം?
വിദേശ രാജ്യങ്ങളിൽ ജീവിക്കുന്ന കുടുംബങ്ങളുടെ അവസ്ഥ ഏറെ ദയനീയമാണ്. ഭർത്താവ് ജോലിയിൽ നിന്നു വരുമ്പോഴേയ്ക്കും ഭാര്യ ജോലിയ്ക്ക് പോകാൻ ഇറങ്ങിയിരിക്കും.
ഇതിനിടയിൽ കുട്ടികൾ സ്കൂളിൽ പോയി വരുമ്പോഴേയ്ക്കും ഒരാൾ ഉറക്കത്തിലും മറ്റൊരാൾ ജോലിയിലുമായിരിക്കും.
കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള സമയങ്ങൾ അപൂർവ്വമായിരിക്കും. ആരാധനയ്ക്കും കൂട്ടായ്മയ്ക്കുമൊക്കെ പോയി എന്നു വരുത്തിത്തീർക്കും. എല്ലാം ബാങ്ക് ബാലൻസിൽ കുറെ നമ്പറുകൾ കൂട്ടിച്ചേർക്കാൻ  വേണ്ടി മാത്രം.
ആരോഗ്യമുള്ളപ്പോൾ അൽപം സമ്പാദിച്ചു കൂട്ടാമെന്നു കരുതിയാണ് ഓവർടൈംമൊക്കെ ധാരാളം ചെയ്യുന്നത്.
പിന്നീട് അൽപം വിശ്രമിക്കാമെന്ന ചിന്തയും മനക്കോട്ടയിലുണ്ട്. എന്നാൽ ജോലിയിലെ ടെൻഷനും അസമയങ്ങളിലുള്ള ആഹാരശീലവുമൊക്കെ ചേർന്ന് ഒരു രോഗിയായി മാറുകയാണവർ എന്നറിയുന്നില്ല.
ഡയബെറ്റിസ് ആയതുകൊണ്ട് മധുരം കഴിക്കാനാകുന്നില്ല; പ്രഷർ കൂടി നിൽ ക്കുന്നതുകൊണ്ട് ഉപ്പിനും വിലക്ക്; അൾസർ കുടലിൽ ബാധിച്ചതിനാൽ എരിവും പറ്റില്ല.
മധുരവും ഉപ്പും എരിവുമൊന്നുമില്ലാതെ ജീവിതത്തിന് എന്ത് രുചി?
ഒരു സന്നിഗ്ദ ഘട്ടത്തിലെത്തി നിൽക്കുമ്പോൾ മനഃസാക്ഷി നമ്മോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. എല്ലാം മറന്ന് ഓടിയതുകൊണ്ട് എന്തു നേടി? വിവിധ ഡോക്ടേഴ്സിന്റെ മുറികളിൽ കയറിയിറങ്ങാനോ? സുന്ദര സൗധങ്ങൾ പണിതുയർത്തിയിട്ട് ആശുപത്രിയിലെ

## നിറവ്

മനം മടുപ്പിക്കുന്ന ഗന്ധങ്ങളുടെ ഇടയിൽ ചികിത്സ തേടി കിടക്കാനോ? വലിയ വീട്ടിലെ പാറ്റയുടെയും പല്ലിയുടെയും കണക്കെടുത്ത് ജീവിതം തള്ളിനീക്കാനോ?
കഷ്ടപ്പെട്ട് പഠിപ്പിച്ച മക്കളെ കണികാണാൻ പോലും കിട്ടുന്നില്ല. അവരൊക്കെ നല്ല ജോലി തേടി വിദേശങ്ങളിൽ സ്ഥിരതാമസമായിരിക്കുകയല്ലേ?
പാഹമിനെപ്പോലെ ഒടുവിൽ ആറടിമണ്ണിൽ വിലയം പ്രാപിക്കും. നേട്ടമെന്നു ഗണിക്കാൻ അതുമാത്രം ഫലം.
സ്വയത്തെയും ഈശ്വരനെയും തിരിച്ചറിയുമ്പോൾ ആത്മാവിൽ ശ്രേഷ്ഠസംസ്കാരം രൂപാന്തരപ്പെടും..അതെന്നും കൂടെയുണ്ടാകും....

-GAUTHAM K BIJU 8A

## സിവിൽ സർവീസ്

സ്വന്തം അച്ഛൻ പോലും അറിയാതെ സിവിൽ സർവീസ് പരീക്ഷയിൽ ഉന്നതവിജയം നേടി ഒരു മകൾ:

സിവിൽ സർവീസ് പരീക്ഷയിൽ ഉയർന്ന റാങ്ക് നേടിയ കൊല്ലം പോരുവഴി സ്വദേശിനി എസ്. അനുവിന്റെ ജീവിതകഥ

ആറാമത്തെ വയസ്സിലാണ് അമ്മയെ ഞങ്ങൾക്കു നഷ്ടപ്പെടുന്നത്. അതുവരെ കഥ പറഞ്ഞു തരികയും മുടി കെട്ടി ഒരുക്കി സ്കൂളിലേക്ക് അയയ്ക്കുകയും ചെയ്തിരുന്ന അമ്മ ഇനി ഇല്ല എന്ന് ആദ്യം എനിക്ക് മനസ്സിലായിരുന്നില്ല. കൊല്ലത്ത് മൺറോതുരുത്തിലെ സ്കൂളിൽ നിന്ന് അടുത്ത വീട്ടിലെ ചേച്ചിയാണ് അന്ന് കൂട്ടിക്കൊണ്ടു വന്നത്. അമ്മയ്ക്ക് സുഖമില്ലെന്നും കൂടെ തന്നെ ഇരിക്കണമെന്നും ആരൊക്കെയോ പറഞ്ഞു. കരച്ചിലിന്റെ നനവുള്ള ശബ്ദങ്ങൾ, കെട്ടുപോയ പൂക്കളുടെ മരണ ഗന്ധം... ശ്വാസം നിലച്ചതു പോലെ നിലത്ത് തളർന്നു കിടന്ന ആ ദിവസം എങ്ങനെ മറക്കാനാണ്?

**പിന്നീട് അച്ഛൻ മുരളീധരനായിരുന്നു എനിക്കെല്ലാം. അച്ഛന്റെ ജീവിതം എനിക്കുവേണ്ടി മാത്രമായി. ഇടയ്ക്കാടുള്ള അച്ഛന്റെ വീടും കുണ്ടറയിലെ ബോർഡിങ് സ്കൂളുമായി പിന്നീടുള്ള ലോകം. എങ്കിലും ഇടയ്ക്കെല്ലാം അമ്മയുടെ ശൂന്യത വല്ലാതെ വിഷമിപ്പിക്കും.**

**ഞാൻ നന്നായി പഠിക്കണമെന്നും  ഉയർന്ന വിജയങ്ങൾ നേടണമെന്നുമായിരുന്നു അച്ഛന്റെ ആഗ്രഹം. പത്താം ക്ലാസിൽ ഉയർന്ന റാങ്ക് നേടിക്കാണാൻ അച്ഛൻ ഒരുപാട് ആഗ്രഹിച്ചിരുന്നു. അച്ഛന്റെ ആഗ്രഹത്തിനൊത്ത് ജീവിക്കാൻ ഞാൻ ഒരുപാട് ശ്രമിച്ചെങ്കിലും അന്നൊന്നും അതൊന്നും സാധിച്ച് കൊടുക്കാൻ കഴിഞ്ഞില്ല. നല്ല പ്രതീക്ഷയോടെ എഴുതിയ മെഡിക്കൻ എൻട്രൻസിനും പരാജയമായിരുന്നു. അങ്ങനെയാണ് വെറ്ററിനറി ഡോക്ടറാകാനുള്ള എൻട്രൻസ് പരീക്ഷ പാസാകുന്നതും മണ്ണുത്തി കോളജിൽ അഡ്മിഷൻ നേടുന്നതും. മൂന്നാം റാങ്കോടെ കോഴ്സ് പാസാകുമ്പോൾ ആദ്യമായി അച്ഛന്റെ ആഗ്രഹം സാധിക്കാൻ കഴിഞ്ഞതിന്റെ സന്തോഷം എന്നെ വീർപ്പുമുട്ടിച്ചിരുന്നു.**
**അടൂർ കടമ്പനാട് ഇടയ്ക്കാട് മുരളിവിലാസത്തിൽ മുരളീധരൻപിള്ളയുടെ  മകളായ എസ്. അനു  വെറ്ററിനറി ഡോക്ടറാണ്.**

**ആ കാലത്താണ് അച്ഛൻ ഇടയ്ക്കിടെ പറഞ്ഞിരുന്ന ഒരു കാര്യത്തെക്കുറിച്ച് സീരിയസായി ആലോചിക്കുന്നത്. പെൺകുട്ടികൾ അധികാരമുള്ള തൊഴിലിടങ്ങൾ തിരഞ്ഞെടുക്കുമ്പോൾ മാത്രമേ സമൂഹം അവരെ ശരിയായ വിധത്തിൽ പരിഗണിക്കുകയുള്ളൂ എന്ന്. ഇനി ഐ .എ.എസ് കോച്ചിങ്ങിനു പോകാനുള്ള കാശു കൂടി അച്ഛനോട് ചോദിക്കുന്നതെങ്ങനെ? അവിടെയും പരാജയമാണെങ്കിൽ എത്ര വലിയ നിരാശയായിരിക്കും അച്ഛനുണ്ടാവുക. ഒരായുസ്സു മുഴുവൻ മകൾക്കു വേണ്ടി ജീവിച്ച അച്ഛന്റെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയാത്ത മകളായി മാറില്ലേ ഞാൻ?. മൂന്നു മാസത്തോളം മണ്ണുത്തിയിലെ കോളജിൽ റിസർച്ച് അസിസ്റ്റന്റായി ജോലി ചെയ്തു നേടിയ പണം കൊണ്ടാണ് ചെന്നൈയിലെ പരിശീലന സ്ഥാപനത്തിൽ ഫീസടച്ച്  ഐ. എ.എസ് കോച്ചിങ്ങിനായി ചേരുന്നത്.**

**ചെന്നൈയിലെ ഒരു കോളജിൽ പിജിക്ക് അഡ്മിഷൻ കിട്ടിയെന്ന് അച്ഛനോട് കള്ളം പറഞ്ഞാണ് പരിശീലനത്തിനു ചേർന്നത്. റിസൾട്ട് വരുമ്പോൾ അച്ഛനൊരു സർപ്രൈസ് കൊടുക്കണമെന്നായിരുന്നു മനസ്സിൽ. ഫീസടച്ച് കഴിഞ്ഞപ്പോൾ തന്നെ നിത്യജീവിതത്തിനു പണമില്ലാതെയായി. അടുത്ത സുഹൃത്തുക്കളായ ഡോ. വിദ്യയും അമൽ മുരളിയുമായിരുന്നു ഈ കാലയളവിൽ താങ്ങായത്.**

പുസ്തകം വാങ്ങാൻ കാശില്ലാതെ വിഷമിച്ചപ്പോൾ ഒപ്പം താമസിച്ചിരുന്ന സുഹൃത്ത് സ്വന്തം പുസ്തകങ്ങൾ പങ്കുവച്ചു. മത്സരപരീക്ഷയുടെ പരിശീലന ലോകത്ത് ഇത്തരം പങ്കുവയ്ക്കലുകൾ അപൂർവമാണ്. എട്ടു മാസത്തോളം ചെന്നൈയിൽ കോച്ചിങ്ങിനായി തങ്ങി. വലിയ പ്രതീക്ഷയോടെയാണ് 2015–ലെ ഐ. എ.എസ് പ്രിലിമിനറി പരീക്ഷ എഴുതുന്നത്. വൻ പരാജയമാണ് ആദ്യശ്രമം സമ്മാനിച്ചത്. തിരിച്ചു വീട്ടിലെത്തുമ്പോൾ എന്റെ മനസ്സ് ആകെ കെട്ടുപോയിരുന്നു. അച്ഛനെ കണ്ടതും കെട്ടിപ്പിടിച്ച് ഉറക്കെ കരഞ്ഞു. കാര്യമറിയാതെ അച്ഛനന്നു പകച്ചു. ആ സമയത്താണ് ഹരിയാനയിലെ ബറോലിയിലെ വെറ്ററിനറി ഇൻസ്റ്റിറ്റ്യൂട്ടിൽ, ഓൾ ഇന്ത്യ എൻട്രൻസ് വഴി പി.ജി അഡ്മിഷൻ കിട്ടിയ വിവരമറിയുന്നത്.

ബറോലിയിലെത്തി ആദ്യ മാസങ്ങൾ വലിയ നിരാശയായിരുന്നു. അച്ഛന്റെ ആഗ്രഹത്തിനൊത്തുയരുക എന്ന വലിയ ലക്ഷ്യം തകർന്നു പോയതു പോലെ. എങ്കിലും പ്രതീക്ഷ കൈവിട്ടില്ല. ആദ്യത്തെ സെമസ്റ്റർ ബ്രേക്കിൽ നാട്ടിൽ വന്ന് മടങ്ങും വഴി ഒരിക്കൽക്കൂടി ചെന്നൈയിലെ പരിശീലന സ്ഥാപനത്തിൽ പോയി. ഓപ്ഷനൽ സബ്ജക്ട്, വെറ്ററിനറി സയൻസിൽ നിന്നു സോഷ്യോളജി എന്ന് തീരുമാനിക്കുന്നത് അന്നാണ്. ഇഗ്നോയുടെ ബി.എ. സോഷ്യോളജി ടെക്സ്റ്റുകൾ സംഘടിപ്പിച്ച് പഠനം തുടങ്ങി. എത്ര സമയം പഠനത്തിനു വേണ്ടി മാറ്റി വയ്ക്കണം എന്നൊന്നും അറിയില്ല. സ്വന്തം പഠനം എങ്ങനെ പ്ലാൻ ചെയ്യണമെന്ന് പറഞ്ഞു തരാൻ കഴിയുന്ന വഴികാട്ടിയില്ല. അച്ഛൻ കുട്ടിക്കാലം തൊട്ടേ പറഞ്ഞിരുന്ന 'റിവിഷൻ' ആദ്യമായി പരീക്ഷിച്ചു. പഠിച്ച പാഠങ്ങൾ വീണ്ടും പഠിച്ചുറപ്പിക്കുക. അതായിരുന്നു വാസ്തവത്തിൽ ഗുണം ചെയ്തത്.

ഇതിനിടയിൽ പിജി കോഴ്സിന്റെ അസൈൻമെന്റുകളും പേപ്പറുകളും. സിവിൽ സർവീസ് ഒരു പരീക്ഷണമാണ്. അതില്ലെങ്കിലും ജീവിക്കണമല്ലോ. കോളജിൽ നിന്നു മാസം തോറും ലഭിക്കുന്ന ചെറിയ ഫെലോഷിപ് ആയിരുന്നു സഹായം. ഹോസ്റ്റൽ ചെലവും മറ്റും കഴിഞ്ഞാൽ ബാക്കിയുള്ള തുക കൂട്ടുകാരുടെ കടം വീട്ടാനേ തികയൂ. കൂട്ടുകാരൊക്കെ സിനിമയ്ക്ക് പോകുമ്പോഴും ആഘോഷങ്ങളിൽ പങ്കെടുക്കുമ്പോഴുമെല്ലാം വിട്ടുനിന്നു. സിവിൽ സർവീസ് പരീക്ഷയുടെ ഓൺലൈൻ ടെസ്റ്റ് സീരീസിൽ പങ്കെടുക്കാൻ ആറായിരം രൂപ സംഘടിപ്പിക്കാൻ പെട്ടപാട്. 2016–ലെ പ്രിലിമിനറി പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ വലിയൊരാശ്വാസമായിരുന്നു. ആദ്യ കടമ്പ ഇതാ കടന്നിരിക്കുന്നു.

മെയിൻ പരീക്ഷയിൽ 700 മാർക്കായിരുന്നു ലക്ഷ്യം വച്ചത്. റിസൾട്ടു വന്നപ്പോൾ 898 മാർക്ക്. ഇന്റർവ്യൂവിനു പങ്കെടുക്കാൻ ഡൽഹിയിലെത്തുമ്പോഴും അച്ഛനോട് ഒന്നും പറഞ്ഞിട്ടില്ല. ഇന്റർവ്യൂവിനു വരുന്ന ഓരോ മലയാളിയുടെയും കേരള ഹൗസിലെ താമസവും

**യാത്രാ ചെലവും കേരള സർക്കാരാണ് വഹിക്കാറ്. ഹോസ്റ്റൽ വിലാസമായിരുന്നതുകൊണ്ട് കേരള സർക്കാരിന്റെ കണക്കിൽ ഞാൻ പെട്ടതുമില്ല.ആ സഹായം ഒന്നുമില്ലാതെ ഞാൻ പരീക്ഷ എഴുതി.**

**ഒരു ദിവസം വീട്ടിലേക്കു പോരാനായി ബറോലിയിൽ നിന്ന് ഡൽഹിയിലെത്തുമ്പോൾ നല്ല പനി. വൈകുന്നേരം അച്ഛൻ വിളിച്ചപ്പോൾ പനിയുടെ കാര്യമെല്ലാം പറഞ്ഞു. ജൂൺ രണ്ടിനു പിറന്നാളാണ്. ആ ദിവസം തന്നെ പരീക്ഷാഫലം വരും. ഇത്തവണത്തെ പിറന്നാൾ തോൽവിയിലായിരിക്കല്ലേ എന്ന് പ്രാർഥിച്ചിരിക്കുമ്പോഴാണ് ചെന്നൈയിൽ നിന്ന് ഫോൺ വരുന്നത്. ലിസ്റ്റിൽ പേരുണ്ടെന്നും 42–ാം റാങ്കാണെന്നു പറഞ്ഞതും ഞാൻ വിശ്വസിക്കാൻ തയാറായില്ല.**

**പതിയെപ്പതിയെ മനസ്സ് ആ സത്യം അംഗീകരിച്ചു, എന്റെ സ്വപ്നം –എന്റെ അച്ഛന്റെ സ്വപ്നം... ഈ കൈപ്പിടിയിലുണ്ടെന്ന്. സന്തോഷം പങ്കുവയ്ക്കാനായി അച്ഛനെ വിളിച്ചപ്പോൾ ഫോൺ സ്വിച്ച്ഓഫ്. കൂട്ടുകാരുടെ സഹായത്താൽ രാവിലത്തെ ഫ്ലൈറ്റിനു ടിക്കറ്റെടുക്കുമ്പോൾ അച്ഛനെ നേരിട്ടു കണ്ടു മാത്രമേ ഈ സന്തോഷം പറയൂ എന്നായിരുന്നു വാശി.**

**എയർപോർട്ടിലേക്കു പോകും വഴി അതാ വരുന്നു അച്ഛന്റെ വിളി. പനി വിവരം അന്വേഷിക്കാൻ. നാട്ടിലേക്കു ധൃതിപ്പെട്ടു വരുന്നതെന്തിനെന്നു ചോദിച്ചപ്പോൾ പറയാതിരിക്കാനായില്ല. ഫോണിന്റെ മറുതലയ്ക്കൽ ഒരു തേങ്ങലാണ് കേട്ടത്. പിന്നെ, കുറച്ചുനേരം ഒറ്റയ്ക്കിരിക്കണമെന്നു പറഞ്ഞ് ഫോൺകട്ട് ചെയ്തു.**

**വൈകുന്നേരം ഞാൻ വീട്ടിലെത്തിയപ്പോഴേക്കും മുറ്റത്ത് നിറഞ്ഞ ചിരിയോടെ അച്ഛൻ. കേരളത്തിൽ നാലാം റാങ്കുണ്ടായിരുന്നിട്ടും പത്രങ്ങളിലൊന്നും തന്നെ വിജയിയുടെ ലിസ്റ്റിൽ എന്റെ പേരില്ലായിരുന്നു.**

**പിജി പഠനത്തിനു ചേരുമ്പോൾ ജീവിതത്തെ സ്വാധീനിച്ച കാര്യത്തെക്കുറിച്ച് എഴുതാൻ ആവശ്യപ്പെട്ടിരുന്നു. അന്നു ഞാൻ എഴുതിയത് ഉറുമ്പുകളെക്കുറിച്ചാണ്. വലുപ്പത്തിൽ തീരെ ചെറുതായിരുന്നിട്ടും അച്ചടക്കത്തോടെ എല്ലാ പ്രതിബന്ധങ്ങളെയും തട്ടിമാറ്റി ലക്ഷ്യത്തിലേക്കു പോകുന്ന ഉറുമ്പുകൾ.**

### നിറവ്

**ഒരു ഉറുമ്പിന്റെ മനസ്സ് മാത്രം മതി, മറ്റൊന്നും വേണ്ട ജീവിതത്തിൽ നമ്മൾ ആഗ്രഹിക്കുന്ന ഉയരങ്ങളിൽ ചെന്നു ചേരാൻ...ഇപ്പോൾ തമിഴ്നാട് കേഡറിലെ ഐ. എ. എസ് ഉദ്യോഗസ്ഥ ആണ് ഡോ: എസ്. അനു മുരളി.**

-ABHINAV B NAIR 8B

## മുതലാളി

**ബേക്കറികളിൽ വിതരണം ചെയ്യുവാനായി സൈക്കിളിൽ മുട്ടയുമായി പോയിരുന്ന ഒരു തൊഴിലാളിയുടെ മുട്ടയെല്ലാം താഴെ വീണു നശിച്ചു.**

**ഓടിക്കൂടിയ ആൾക്കൂട്ടം പതിവ് പോലെ അവന്റെ അശ്രദ്ധയെ കുറ്റം പറയാൻ തുടങ്ങി....**

നിറവ്

ഇതിനിടയിൽ അവിടെ എത്തിയ ഒരു വൃദ്ധൻ " പാവം. ഇവന്റെ മുതലാളി യോട് ഇവൻ എന്ത് സമാധാനം പറയും. ഇതാ ഞാൻ ഒരു പത്തു രൂപ തരാം.... ഇവിടെ കൂടിയ ഈ നല്ല മനുഷ്യരും അവരാൽ കഴിയുന്ന വിധം നിന്നെ സഹായിക്കും. മുട്ടകളുടെ വില കിട്ടിയാൽ നീ രക്ഷപെട്ടു. " എന്ന് പറഞ്ഞു കൊണ്ട് അയാൾക്ക് പത്ത്  രൂപ കൊടുത്തു...

ഇത് കണ്ട് നിന്ന ഓരോരുത്തരും അവന് പണം കൊടുത്ത് സഹായിച്ചു....

എണ്ണി നോക്കിയപ്പോൾ പൊട്ടി നശിച്ച മുട്ടയുടെ വിലയേക്കാൾ മൂന്നിരട്ടി തൊഴിലാളിക്ക് കിട്ടി....

ഏറ്റവും ഒടുവിൽ പണം കൊടുത്തയാൾ പറഞ്ഞു," എവിടെ നിന്നോ വന്ന ആ മനുഷ്യൻ പറഞ്ഞത് കൊണ്ട് നി മുതലാളിയുടെ ശകാരം കേൾക്കാതെ രക്ഷപെട്ടു. ആരാണാവോ ദൈവതുല്യൻ ആയ ആ മനുഷ്യൻ? ""

അവൻ പറഞ്ഞു

"അത് തന്നെയാണ് എന്റെ മുതലാളി "😃😢😃

-ARAVIND SAREESH 8B

## ഒന്നിനും കൊള്ളാത്തവൻ

പരീക്ഷ പേപ്പർ കിട്ടിയ ദിവസം ആണ് ഞാൻ അറിഞ്ഞത് ഏട്ടനും ചേച്ചിയും നല്ലതും ഞാൻ ആ വീട്ടിലെ ഒന്നിനും കൊള്ളാത്തവനും ആണെന്ന്.

പേര് വിളിച്ച ക്ലാസ്സിൽ പേപ്പർ തരുമ്പോൾ ആലീസ് ടീച്ചറും പറഞ്ഞു.  ചേട്ടന്റേം ചേച്ചീടേം പേര് കളയാൻ ഉള്ളതാണെന്ന്.

അതെങ്ങിനാ നാട്ടിലെ കുളത്തിലും. പറമ്പിലും കളിച്ചു നടന്നാൽ ഇതിൽ കൂടുതൽ മാർക്ക് കിട്ടുമെന്ന് കരുതിയോ. ഏട്ടന്റെ വാക്കുകളാണ്.

ഇവൻ കാരണം ഞാൻ നാണം കെടുവാണ് അമ്മേ. ദേ നിന്റെ അനിയൻ ഇന്നും ക്ലാസിനു പുറത്താണ് എന്നും പറഞ്ഞു കൂട്ടുകാരികൾ ചിരിക്കുമ്പോൾ ചമ്മി പോവാ.. പഠിപ്പിസ്റ്റ് ചേച്ചിയുടെ വാക്കുകളാണ്.

കേട്ടു കേട്ടു മടുക്കുമ്പോൾ അമ്മ നനച്ച അവല് കഴിപ്പു നിർത്തി ഞാൻ വടക്കേ പറമ്പിന്റെ വേലിയോട് ചേർന്നിട്ടുള്ള പേര മരത്തിൽ പോയിരിക്കും.

ചീത്ത കേൾക്കുമ്പോൾ അവിടെ പോയിരിക്കുന്നത് എനിക്കു വല്യ ആശ്വാസം ആയിരുന്നു. ഞാൻ അവിടെ ഇരിക്കുന്നത് കണ്ടാൽ അപ്പുറത്തെ വീട്ടിലെ രമേശനും വരും.

പിന്നെ സങ്കടങ്ങളെല്ലാം കാറ്റിൽ പറക്കും. പിന്നെ കളിയാണ്.. അവൻ കൂടെയുണ്ടെങ്കിൽ നേരം പോകുന്നത് അറിയില്ല. നേരം പോകുന്നത് അറിയാതെ വിളക്ക് വെച്ചതിനു ശേഷമാവും വീട്ടിലെത്തുക. അതിനും കിട്ടും കണക്കിന്. പിന്നെ പിന്നെ അതു ശീലമായി .

അങ്ങിനെ ഞാനും രമേശനും എട്ടാം ക്ലാസ്സിൽ സെക്കന്റിയർ പഠിക്കേണ്ട അവസ്ഥ വരെയെത്തി.

ചേച്ചിയും ചേട്ടനും പഠിപ്പോട്ടു പഠിപ്പായ കാരണം. നമ്മളു പഠിക്കാത്തവൻ എന്നും അവരുടെ കണ്ണിൽ ഒന്നിനും കൊള്ളാത്തവൻ ആയിരുന്നു

ട്യൂഷൻ ക്ലാസ്സിലെ ഇന്ദുവിന് ലവ് ലെറ്റർ കൊടുത്തതു. കയ്യോടെ അവൾ വീട്ടിലു കൊടുത്തത് കാരണം . വേറൊരു പേരുംകൂടി വീണു തെമ്മാടി.

കാലങ്ങൾ പോയിക്കൊണ്ടിരുന്നു . ഏട്ടൻ പഠിച്ചു സോഫ്റ്റ്‌വെയർ എഞ്ചിനീയർ ആയി . കൂടെ ജോലി ചെയ്യുന്ന ഒരുത്തിയേയും കെട്ടി ഫ്ലാറ്റ് എടുത്തു ബാംഗ്ലൂർ ജീവിക്കുന്നു.

ചേച്ചിടെ കല്യാണവും അച്ഛൻ ആർഭാടമായി തന്നെ നടത്തി അവളിപ്പോൾ ഡോക്ടർ ആണ്. കെട്ടിയവനും ഡോക്ടർ. മുബൈയിൽ ആണ്.

രണ്ടുപേരും നന്നായി.  ഇവൻ മാത്രം എന്താ ഇങ്ങനെ എന്ന ചോദിക്കുമ്പോൾ അച്ഛനും അമ്മയ്ക്കും ഉത്തരമില്ലായിരുന്നു.

അച്ഛന്റെ മരണത്തിനു വീട്ടില്ല വന്നപ്പോഴും ഏട്ടൻ എന്നോട് മിണ്ടുന്നുണ്ടായിരുന്നില്ല. എങ്ങും എത്തി പെടാത്തതിന്റെ പുച്ഛവും ആ മുഖത്തു ഉണ്ടായിരുന്നു.   ചടങ്ങ് കഴിഞ്ഞു പോവുമ്പോഴും ചേച്ചി കുറ്റപ്പെടുത്താൻ മറന്നിട്ടുണ്ടായിരുന്നില്ല.

എന്തോ അന്ന് എനിക്കു കിടക്കുമ്പോൾ ഉറക്കം വന്നിരുന്നില്ല.  എവിടൊക്കെയോ മനസ്സിൽ കുറ്റബോധം.   എല്ലാരും കുറ്റപെടുത്തിയിട്ടും ഒരിക്കൽ പോലും അച്ഛൻ ഒരു വാക്കുകൊണ്ട് പോലും കുറ്റപെടുത്തിയിരുന്നില്ല എന്നിട്ടും..........

ഞാൻ എണീറ്റു അമ്മേടെ മുറിയിലേക്ക് നടന്നു.  അമ്മ കട്ടിൽ പടിയിൽ തലവെച്ചു ഇരിക്കയായിരുന്നു.    ഞാൻ തിരിച്ചു നടന്നു അടുക്കളയിൽ പോയി ഒരു കട്ടൻ ഇട്ടു വന്നു. അമ്മ ഇതു കുടിക്കു എന്നു പറഞ്ഞപ്പോൾ  അമ്മേടെ മുഖത്ത് ആശ്ചര്യമായിരുന്നു. ഇവനിതൊക്കെ അറിയോ എന്നുള്ള ഭാവമായിരുന്നു.

കൂട്ടുകാരുടെ കൂടെ അടിച്ചുപൊളിക്കാനുള്ള കാശിനു വേണ്ടി സദ്യപണിക്കും.  ഇലട്രിക്കൽ പണിക്കും പെയിന്റ് പണിക്കും വരെ പോയിട്ടുണ്ട് എന്നു അമ്മയുണ്ടോ അറിയുന്നു.

അച്ഛൻ ആഗ്രഹിച്ച പോലൊന്നും ഞാൻ ആവാത്തതിൽ അച്ഛനു വിഷമം ഉണ്ടായിരുന്നു അല്ലേ അമ്മേ?  എന്നു ചോദിച്ചപ്പോൾ   അമ്മയുടെ കണ്ണു നിറയുന്നുണ്ടായിരുന്നു .

അമ്മക്ക് മരുന്നെടുത്തു കൊടുത്തിട്ടു ഉമ്മറ പടിയിലെ തിണ്ണയിൽ വന്നിരിക്കുമ്പോൾ മനസ്സിൽ ഇനിയെന്തു ചെയ്യും എന്നുള്ള ചിന്തയായിരുന്നു.     ആ ചിന്തക്ക് ഒരു ഉത്തരം തന്നത് നിലാവെളിച്ചത്തിൽ കണ്ട പറമ്പായിരുന്നു.  അച്ഛന്റെ വിയർപ്പാണ്. കാണുന്ന തെങ്ങും കവുങ്ങും കുരുമുളകുമെല്ലാം.  അതു തന്നെയായിരുന്നു എനിക്കുള്ള ഉത്തരം

രാവിലെ എണീറ്റു.  എണീക്കാൻ വേണ്ടി അലാറം വെക്കേണ്ടി വന്നു ശീലമില്ലാത്തതു കാരണം .

നിറവ്

**വിറകുപുരയുടെ ചുവരിൽ ചാരിവെച്ച കൈക്കോട്ട് എടുത്തു പറമ്പിലേക്ക് ഇറങ്ങുമ്പോൾ എവിടെ നിന്നോ ഒരു ധൈര്യം മനസ്സിൽ ഉണ്ടായിരുന്നു.**

**വാഴകൾക്കെല്ലാം വാട്ടം വന്നിട്ടുണ്ട്. മോട്ടോർ പുരയിൽ ചെന്നു മോട്ടോർ ഓണാക്കി. ഓരോ വാഴയുടെ കടക്കിലേക്കു തിരിച്ചു തിരിച്ചു വിട്ടു നനച്ചു. താഴേക്കു വീണു കിടന്ന കുരുമുളക് വള്ളിയെല്ലാം ഊന്നു മരത്തിലേക്ക് ചേർത്തു വെച്ചു കെട്ടി. താഴെ വീണു കിടക്കുന്ന അടക്കയെല്ലാം ഒരു പ്ലാസ്റ്റിക് ബക്കറ്റിൽ ആക്കി കയ്യാല പുരയുടെ മുറ്റത്തു കൊണ്ടു വന്നു ഉണക്കാനിട്ടു. അപ്പോഴേക്കും വിശന്നു തുടങ്ങിയിരുന്നു. വീട്ടിലേക്കു ചെന്നപ്പോൾ അമ്മ കഞ്ഞിയും മുളകു ചുട്ട ചമ്മന്തിയും പയറുപ്പേരിയും വിളമ്പി തന്നു. ഇന്നുവരെയില്ലാത്ത ഒരു രുചി തോന്നി അന്നെനിക്ക് കഴിക്കുമ്പോൾ . വിളമ്പി തരുമ്പോൾ അമ്മയുടെ മുഖത്തു ഒരു തിളക്കം ഉണ്ടായിരുന്നു.**

**കറന്റ് ബില്ലടക്കാനും. അടുക്കളയിലെ അലമാരിയിലെ സാധനങ്ങൾ തീരും മുൻപ് കണ്ടറിഞ്ഞു വാങ്ങി വെക്കലും എല്ലാം ഞാൻ ഏറ്റെടുത്തിരുന്നു.**

**പിന്നെ കൃഷി എന്നുള്ളത് എനിക്കൊരു ഹരമായി. ഒട്ടും മടുപ്പില്ലാതെ. ഇന്നിപ്പോൾ ആ പറമ്പിന്റെ മാറ്റു കൂടിയിട്ടേ ഉള്ളൂ. ഒരു ദിവസം പണി കഴിഞ്ഞു കുളത്തിലെ കുളിയും കഴിഞ്ഞു വീട്ടിൽ വന്നപ്പോൾ അമ്മ അടുക്കളയിൽ വീണു കിടക്കുന്നു. വേഗം ഫോൺ എടുത്തു രമേശനെ വിളിച്ചു ഓട്ടോ ആയി വരാൻ പറഞ്ഞു അമ്മേനേം കൊണ്ടു ഹോസ്പിറ്റലിലേക്ക് പോവുമ്പോൾ മനസു നിറയെ പ്രാർത്ഥനയായിരുന്നു ഒന്നും സംഭവിക്കല്ലേ എന്നു.**

-NAVEEN R NAIR 8B

# ഗ്രൂപ്പ്

ഗോപാലൻ രാവിലെത്തന്നെ തന്റെ പലചരക്കുകടയും തുറന്ന് ആരെങ്കിലും വരുന്നുണ്ടോ എന്ന് പ്രതീക്ഷിച്ച് കാത്തിരിപ്പിലാണ്._

_ഇന്ന് മൊബൈൽ ഫോൺ എടുക്കുവാൻ മറന്നു. അല്ലേൽ അതിൽ തോണ്ടിയിരിക്കാമായിരുന്നു._

_പുതുതായി ഒരു ഗ്രൂപ്പ് തുടങ്ങിയിട്ടുണ്ട്. പണ്ട് പത്താം ക്ലാസ്സിൽ ഒന്നിച്ചു പഠിച്ചവർ ചേർന്ന് ഉണ്ടാക്കിയിരിക്കുന്ന ഒരു ഗ്രൂപ്പാണത്._

_ഗോപാലൻ ഗ്രൂപ്പിൽ ആക്ടീവല്ലെങ്കിലും ഇടക്കിടക്ക് അതിൽ ഒന്ന് എത്തി നോക്കിയില്ലെങ്കിൽ എന്തോ ഒരു ബുദ്ധിമുട്ടാണ്._

_ഇങ്ങനെ ബോറടിച്ചിരിക്കുമ്പോൾ ഒരു സംഭവമുണ്ടായി. ഗോപാലനു മുന്നിൽ സാക്ഷാൽ കാലൻ പ്രത്യക്ഷപ്പെട്ടു._

_കാലൻ വന്നപാടെ വിശേഷമൊക്കെ തിരക്കിയശേഷം പറഞ്ഞു, *"എന്നാൽ നമുക്ക് പുറപ്പെടാം.''*_

_ഗോപാലൻ പോകാൻ തയ്യാറല്ലായിരുന്നു. അവൻ കാലനോട് ചോദിച്ചു. *"അല്ലയോ പ്രഭോ, എനിക്ക്  48 വയസ്സല്ലേ ആയുള്ളൂ... പറയത്തക്ക ഒരു അസുഖവും എനിക്കില്ല... പിന്നെ എന്തിനാണ് ഞാനിപ്പോൾ മരിക്കുന്നത്..? ഞാനെങ്ങും വരുന്നില്ല... അങ്ങ് തിരിച്ചു പൊയ്ക്കൊള്ളൂ..."*_

_കാലൻ ചിരിച്ചു കൊണ്ട് പറഞ്ഞു, *"സുഹൃത്തേ, ഞാൻ യമപുരിയിൽ നിന്ന് പോരുന്ന സമയത്ത് താങ്കളുടെ പേര് എനിക്ക് തന്ന ലിസ്റ്റിൽ ഇല്ലായിരുന്നു, ഇപ്പോഴാണ് ചിത്രഗുപ്തന്റെ മെസ്സേജ് വന്നത്  താങ്കളെ കൂട്ടികൊണ്ട് ചെല്ലുവാൻ. താങ്കൾ വീട്ടിൽ നിന്ന് പോന്നപ്പോൾ താങ്കളുടെ മൊബൈൽ ഫോൺ എടുക്കാൻ മറന്നു അല്ലെ..? താങ്കളുടെ ഭാര്യ ആ മൊബൈലിൽ താങ്കൾ അയച്ചതും താങ്കൾക്ക് വന്നതുമായ മെസ്സേജുകൾ വായിച്ചു കൊണ്ടിരിക്കുകയാണ്..."*_

_ഗോപാലൻ എഴുന്നേറ്റ് തോർത്തുമുണ്ട് കുടഞ്ഞ് തോളത്തിട്ട് കൊണ്ട് പറഞ്ഞു, *പ്രഭോ, വാ... പോകാം,  ഇനി ഒന്നും ആലോചിക്കാനില്ല...*_

-JOEL JOHNY 8C

## CARTOON



പുഴയിൽ വീണ ഉറുമ്പിനെ ഇലയിട്ടു
രക്ഷിച്ച കഥയിലെ പ്രാവും ഉറുമ്പും
ഇന്നു കണ്ടുമുട്ടിയപ്പോൾ....
സൂക്ഷിച്ചു നടക്കണം.. ഒഴുക്കിൽ പെട്ടാൽ ഇലയിട്ടു തരാൻ ഇന്നിവിടെ മരമില്ല കേട്ടോ!
ഹ..ഹ..ഹ.. ഒഴുക്കിൽ പെടാൻ ഇന്നിവിടെ പുഴയില്ല. മാഷേ!

-DON JIJI 8C

## ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം?

**ഒരിക്കൽ ഒരേ കോളേജിൽ ഒരുമിച്ച് പഠിച്ച് പിന്നീട് പല വഴി പിരിഞ്ഞു പോയ അഞ്ച് വിദ്യാർത്ഥികൾ വർഷങ്ങൾക്ക് ശേഷം ഒരുമിച്ച് തങ്ങളുടെ പ്രിയപ്പെട്ട അധ്യാപകനെ കാണാനെത്തി. നിറഞ്ഞ സന്തോഷത്തോടെ അവരെ സ്വീകരിച്ചിരുത്തി വിശേഷങ്ങൾ ചോദിച്ചറിഞ്ഞ അധ്യാപകൻ അവരെല്ലാം ഉയർന്ന ജോലികളിലും ഉന്നതമായ നിലകളിലുമാണെന്നറിഞ്ഞ് അതിയായി സന്തോഷിച്ചു.**

**പക്ഷെ അവരുടെ ആരുടെയും മുഖത്ത് അതിന്റേതായ യാതൊരു സന്തോഷവും അദ്ദേഹത്തിന് കാണാൻ സാധിച്ചില്ല. അവരുടെ സംസാരത്തിൽ മുഴുവൻ നിറഞ്ഞു നിന്നത് അവരവരുടെ തൊഴിൽ പ്രശ്നങ്ങളും ബിസിനസ്സിലെ പ്രതിസന്ധികളും കുടുംബവഴക്കുകളുമൊക്കെയായിരുന്നു. ഉയർന്ന പദവികളും ലക്ഷങ്ങളുടെ ബാങ്ക് ബാലൻസുമൊക്കെയുണ്ടെങ്കിലും അടിസ്ഥാനപരമായി അവരാരും അത്ര ഹാപ്പിയല്ല എന്നദ്ദേഹത്തിന് മനസ്സിലായി.**

**അപ്പോൾ അവരിലൊരാൾ പറഞ്ഞു, "പണ്ട് ഞങ്ങളുടെ ഏത് പ്രശ്നത്തിനും ഞങ്ങൾ ഉപദേശം തേടിയിരുന്നത് സാറിനോടായിരുന്നു. സാർ അത് വളരെ ലഘുവായി പരിഹരിച്ചു തരികയും ചെയ്യുമായിരുന്നു. അതു കൊണ്ട് തന്നെ ചോദിക്കുകയാണ്? ഈ അല്ലലും അലട്ടലുമൊന്നുമില്ലാതെ സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ ഞങ്ങളെന്താണ് ചെയ്യേണ്ടത്?"**

**ഒരു ചെറിയ ആലോചനക്ക് ശേഷം ഗുരുനാഥൻ എഴുന്നേറ്റ് വീടിനകത്തേക്ക് നടന്നു കൊണ്ട് പറഞ്ഞു – "ഞാൻ ചായയെടുക്കാം."**

**ചായ കുടിച്ച് കഴിഞ്ഞാൽ അദ്ദേഹം തങ്ങൾക്ക് വേണ്ട ഉപദേശങ്ങൾ നൽകും എന്ന വിശ്വാസത്തോടെ അവർ അഞ്ച് പേരും കാത്തിരുന്നു. അൽപം കഴിഞ്ഞപ്പോൾ ഒരു ട്രേയിൽ ചായ നിറച്ച ഗ്ലാസുകളുമായി വന്ന് അതവർക്ക് മുന്നിലുള്ള ടീപ്പോയിൽ വെച്ച് കൊണ്ട് അദ്ദേഹം പറഞ്ഞു.**

**"എല്ലാവരും ചായയെടുത്ത് കുടിക്കൂ."**

**ഉടനെ അവർ അഞ്ച് പേരും ഒരോ കപ്പ് വീതം കൈയിലെടുത്ത് ചായ കുടിക്കാൻ തുടങ്ങി. അൽപനേരം അവർ അഞ്ച് പേരെയും നിരീക്ഷിച്ച ശേഷം അദ്ദേഹം ഒന്ന് മുരടനക്കിക്കൊണ്ട് പറഞ്ഞു.**

**"ഇനി നിങ്ങൾ നേരത്തെ പറഞ്ഞ വിഷയത്തിലേക്ക് വരാം."**

**അത് കേട്ട് അവർ അഞ്ച് പേരും പ്രതീക്ഷയോടെ ആദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കിയിരുന്നു.**

**അദ്ദേഹം പറഞ്ഞു തുടങ്ങി.**

**"ഞാനിപ്പോൾ നിങ്ങൾക്ക് മുന്നിൽ കൊണ്ടുവന്നു വെച്ച ഈ ട്രേയിൽ 7 കപ്പുകളുണ്ടായിരുന്നു. അതിൽ അഞ്ചെണ്ണം മനോഹരമായ ചിത്രപ്പണികൾ നിറഞ്ഞ വിലകൂടിയ പോർസലീൻ കപ്പുകളായിരുന്നു. ബാക്കി രണ്ടെണ്ണാം സാധാരണ സ്റ്റീൽ ടംബ്ലറുകളായിരുന്നു. പക്ഷെ ഇവയിലെല്ലാറ്റിലും ഉള്ളത് ഒരേ ചായയായിരുന്നു."**

**കൗതുകത്തോടെ തന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്ന ആ അഞ്ച് പേരോടുമായി അദ്ദേഹം ചോദിച്ചു.**

**"എന്തു കൊണ്ട് നിങ്ങളാരും സ്റ്റീൽ ടംബ്ലർ എടുത്തില്ല? എന്തു കൊണ്ടാണ് നിങ്ങൾ അഞ്ച് പേരും പോർസലീൻ കപ്പുകൾ മാത്രമെടുത്തത്?"**

**ആ അഞ്ച് പേരും പെട്ടെന്നൊരുത്തരം പറയാൻ കഴിയാതെ സങ്കോചത്തോടെ പരസ്പരം നോക്കി.**

**“അതിനുള്ള ഉത്തരം ഞാൻ തന്നെ പറയാം.” അദ്ദേഹം തുടർന്നു. “ചായ കുടിക്കുക എന്നതാണ് നമ്മുടെ ആവശ്യം. ഇവിടെ കപ്പുകളിൽ മാത്രമേ വ്യത്യാസമുള്ളൂ. അതിനകത്തുള്ള ചായ ഒന്ന് തന്നെയാണ്. ഇവിടെ നാം ചായക്കാണ് പ്രാധാന്യം നൽകേണ്ടിയിരുന്നത്. പക്ഷെ അറിഞ്ഞോ അറിയാതെയോ നാം പ്രാധാന്യം നൽകിയത് കപ്പുകൾക്കാണ്.”**

**ഒന്ന് നിർത്തി എല്ലാവരെയും ഒരു വട്ടം മാറി മാറി നോക്കിയ ശേഷം അദ്ദേഹം തുടർന്നു.**

**“നമ്മുടെ ജീവിതം എന്ന് പറയുന്നത് ചായ പോലെയാണ്. നമ്മുടെ തൊഴിലും ബിസിനസ്സും മറ്റുമെല്ലാം ഈ കപ്പുകൾ പോലെയും. ഇവിടെ ചായക്ക് വേണ്ടിയാണ് കപ്പുകൾ, അല്ലാതെ കപ്പുകൾക്ക് വേണ്ടിയല്ല ചായ. നമ്മുടെ ജോലിയും ബിസിനസ്സും വരുമാനവും വസ്തുങ്ങളും ആഭരണങ്ങളും സ്വത്തും സമ്പത്തുമെല്ലാം നമ്മുടെ ജീവിതം സന്തോഷകരമാക്കാനുള്ള ചെറിയ ഉപാധികൾ മാത്രമാണ്. അത് തന്നെയാണ് ജീവിതം എന്ന് ചിന്തിച്ച അവക്ക് പുറകെ പോയാൽ സന്തോഷമുണ്ടാകുകയില്ല. അവക്ക് അവ അർഹിക്കുന്ന പ്രാധാന്യം മാത്രം നൽകി ജീവിതത്തിലെ സുപ്രധാനമായ ഘടകങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക. ഭാര്യയോടും മക്കളോടുമൊപ്പം സമയം ചെലവഴിക്കുക. പ്രായമായ അച്ഛനമ്മമാരോടൊപ്പമിരിക്കാൻ സമയം കണ്ടെത്തുക. കൂട്ടുകാരോടും നാട്ടുകാരൊടും അൽപനേരം സൊറ പറഞ്ഞിരിക്കുക.  അവനവന് സന്തോഷം നൽകുന്ന പ്രവൃത്തികളിലേർപ്പെടുക. ചുരുക്കിപ്പറഞ്ഞാൽ മത്സരിക്കാനും പിടിച്ചടക്കാനും മാത്രമല്ല, ജീവിക്കാനും സമയം കണ്ടെത്തുക. ജീവിതത്തിൽ എന്തിനാണോ പ്രാധാന്യം നൽകേണ്ടത് അത് മാത്രം തലയിലേറ്റിവെക്കുക. കപ്പിന് പുറകെ പോയി ചായയെ മറന്നു കളയാതിരിക്കുക. അപ്പോൾ നിങ്ങൾ നേരത്തെ ചോദിച്ച സന്തോഷവും സമാധാനവും നിങ്ങളെത്തേടി വരും.”**

**ആ അഞ്ച് പേർക്കും അതൊരു വലിയ തിരിച്ചറിവായിരുന്നു. അത്ര നാൾ തങ്ങൾ സഞ്ചരിച്ച വഴികളയിരുന്നില്ല ശരി എന്നവർ തിരിച്ചറിഞ്ഞു. ഗുരുനാഥനോട് നന്ദി പറഞ്ഞ് അവർ അവിടെ നിന്നിറങ്ങി.**

**നമുക്കും ഇതൊരു പാഠമായിരിക്കട്ടേ.**

നിറവ്

**ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം എന്ന് തിരിച്ചറിയുകയാണ് സന്തോഷത്തിലേക്കുള്ള എളുപ്പ മാർഗ്ഗം. പദവിയും അധികാരവും സമ്പത്തുമെല്ലാം ജീവിതത്തിന്റെ രുചി കൂട്ടാനുള്ള മേമ്പൊടികൾ മാത്രമാണ്. അവ അളവിൽ കൂടുതൽ വാരിയിട്ടാൽ**

**ജീവിതം ആസ്വദിക്കാൻ കഴിയാതെ വരും. അതിന്റെ രുചിയും ഫലവും നഷ്ടപ്പെടും. അതിനാൽ കപ്പിന്റെ ഭംഗിയും വലിപ്പവും കാര്യമാക്കാതെ ചായ ആസ്വദിച്ച് കുടിക്കൂ.... ജീവിതം ആനന്ദകരമാക്കൂ....**

-TOM PHILIP

## *ഒത്തൊരുമയിൽ മാത്രമാണ് ശക്തി*

**ഒരു കല്ല് കയ്യിലെടുക്കൂ.. അതുകൊണ്ട് നിങ്ങൾ  *ഒരു നായയെ* എറിഞ്ഞു നോക്കൂ.. ആ നായ പേടിച്ചോടുന്നത് നിങ്ങൾക്ക് കാണാം!**
**ഇനി അതേ കല്ലെടുത്തിട്ട് *ഒരു തേനീച്ചക്കൂടിനു* നേരെ എറിഞ്ഞു നോക്കൂ... അപ്പൊ മനസ്സിലാകും ആ കൂട്ടിലെ  തേനീച്ചകൾ നിങ്ങളുടെ അവസ്ഥ എന്താക്കുമെന്നത്...! '**
**ഈ രണ്ടു  പ്രവൃത്തിയിലും കല്ല് ഒരേ കല്ലായിരുന്നു.. എറിഞ്ഞ ആളും ഒരേ ആളായിരുന്നു.. ആകെയുള്ള വ്യത്യാസം എന്തെന്നാൽ  *നായ തനിച്ചായിരുന്നു* എന്നും *തേനീച്ചകൾ കൂട്ടത്തോടെയായിരുന്നു* എന്നതുമാണ്.**
**സുഹൃത്തുക്കളേ... *ഒത്തൊരുമയിൽ മാത്രമാണ് ശക്തി* !**
**ഭിന്നിപ്പ് തീർക്കുന്ന വിടവിലൂടെ തക്കം പാർത്തിരിക്കുന്ന ശത്രു നുഴഞ്ഞു കയറും...**
**"നിങ്ങളെല്ലാവരും ഈയൊരു സത്യം മനസ്സിലാക്കണം -**
**ഒറ്റയ്ക്ക്**
**നമ്മളൊരു**
**തുള്ളിയാണെങ്കിൽ**
**ഒരുമിച്ച്**
**ചേരുമ്പോൾ**

നിറവ്

നമ്മളൊരു
*സമുദ്രമാണ്*
*ഒറ്റക്ക് നമ്മളൊരു ദുർബലമായ നൂലാണെങ്കിൽ ഒരുമിച്ച ചേരുമ്പോൾ നമ്മൾ മനോഹരമായൊരു പരവതാനിയാണ് !*
*ഒറ്റക്ക് നമ്മളൊരു കടലാസാണെങ്കിൽ,ഒരുമിച്ച ചേരുമ്പോൾ നമ്മളൊരു പുസ്തകമാണ്!*
*ഒറ്റക്ക് നമ്മളൊരു കല്ലാണെങ്കിൽ ഒരുമിച്ച ചേരുമ്പോൾ നമ്മളീ ഭൂമിയാണ്!*
പരസ്പരം
*തോൽപ്പിക്കാൻ*
ശ്രമിക്കാതെ ഒറ്റക്കെട്ടായി
നിന്നാൽ
നമുക്കെല്ലാവർക്കും ഒരുമിച്ച *വിജയിക്കാം !!"*

-ADITHYAN AJI 8D

## *വയസ്സന്മാരെല്ലാം വെറും ഉണ്ണാക്കൻമാരല്ല*

പെൺകുട്ടിയും അച്ഛനും കൂടി അമ്പലത്തിൽ നിന്ന് തൊഴുതിറങ്ങുമ്പോഴാണ് പെൺകുട്ടിയുടെ സഹപാഠിയായ കാമുകൻ അവരുടെ മുന്നിൽ എത്തിയത്. കാമുകൻ എന്തെങ്കിലും പറയുന്നതിന് മുമ്പേ കൂടെയുള്ളത് തന്റെ അച്ഛനാണെന്ന അവൻ അറിയാൻ വേണ്ടി അവൾ പറഞ്ഞു: മനോഹരൻ കോട്ടയം എഴുതിയ *"അച്ഛനുണ്ട് എന്റെ കൂടെ"* എന്ന പുസ്തകം നിനക്ക് തരാൻ എടുത്തുവച്ചിട്ടുണ്ട്. നാളെ കോളേജിൽ വരുമ്പോൾ ഞാൻ കൊണ്ട് വരാം.
കാമുകൻ : അയ്യോ എനിക്കാ പുസ്തകമല്ല വേണ്ടത്. നാളെ കോളേജിൽ വരുമ്പോൾ സന്തോഷ് സമാഗമം എഴുതിയ *"നാളെ തമ്മിൽ എവിടെ കാണം"* എന്ന പുസ്തകം കൊണ്ട് തന്നാൽ മതി.
പെൺകുട്ടി : അതിന പകരം സുന്ദരൻ അനുരാഗി എഴുതിയ *"വഴിവക്കിലെ ആളൊഴിഞ്ഞ ആ പറമ്പിൽ"* മതിയോ?
കാമുകൻ : അത് ഓക്കേ. ലോലവികാരൻ കൃഷ്ണൻ എഴുതിയ *"കണ്ണിലെണ്ണയും ഒഴിച്ച് കാത്തിരിക്കും"* ഉണ്ടെങ്കിൽ അതും കൊണ്ട് വരണം.
പെൺകുട്ടി : തീർച്ചയായും!! ഞാൻ വരുമ്പോൾ നാളെ ആനന്ദ് പ്രതീക്ഷ എഴുതിയ *"നിന്നെ ഒരിക്കലും നിരാശപ്പെടുത്തില്ല"* എന്ന പുസ്തകവും കൊണ്ട് വരാം.

നിറവ്

മകളുടേയും പയ്യന്റെയും സംഭാഷണം നിശ്ശബ്ദം കേൾക്കുകയായിരുന്ന അച്ഛൻ പയ്യൻ പോയി കഴിഞ്ഞപോൾ മകളോട് : ഇന്നത്തെക്കാലത്തു ഇത്ര അധികം പുസ്തകങ്ങളെ കുറിച്ച് അറിയാവുന്ന കുട്ടികളുണ്ടോ? ഇത്രയൊക്കെ വായിക്കാനുള്ള സമയം ആ പയ്യന് കിട്ടുന്നുണ്ടോ?

പെൺകുട്ടി : അച്ഛാ, അവൻ ഞങ്ങളുടെ ക്ളാസിലെ ഏറ്റവും മിടുക്കനും സമർത്ഥനുമായ സ്റ്റുഡന്റാണ്. അവന്റെ ഹോബി തന്നെ വായനയാണ്.

അച്ഛൻ : അതെനിക്ക് നിങ്ങൾ തമ്മിലുള്ള സംസാരം കേട്ടപ്പോഴേ മനസ്സിലായി. നീ നാളെ അവനെ കാണുമ്പോൾ കാരണവർ തങ്കപ്പൻ നായർ എഴുതിയ *വയസ്സന്മാരെല്ലാം വെറും ഉണ്ണാക്കൻമാരല്ല* എന്ന പുസ്തകം കൂടി വായിക്കാൻ പ്രത്യേകിച്ച് പറയണം. സമയം കിട്ടിയാൽ മോൾക്കും ആ പുസ്തകം വായിക്കാം.

-AMAL A M 8D

## ഒരു കഥ

അധികമാരും കേട്ടിരിക്കാനിടയില്ലാത്ത ഒരു കഥ പറയട്ടെ .

വളരെ പണ്ട് കാലിമേയ്ക്കാൻ പോയ കുറച്ച് കുട്ടികൾ നേരമ്പോക്കിനുവേണ്ടി പുതിയൊരു കളിയിലേർപ്പെട്ടു.കാട്ടുകല്ലുകൾ അടുക്കിവെച്ച് അവർ ഒരു സിംഹാസനമുണ്ടാക്കി.നറുക്കിട്ട് ഒരു കുട്ടിയെ രാജാവായി തെരഞ്ഞെടുത്ത് അതിലിരുത്തി. ബാക്കിയുള്ളവർ പ്രജകളും പടയാളികളും. കളിയുടെ വ്യവസ്ഥയിതാണ്- പടയാളികൾ രണ്ട് പ്രജകളെ രാജാവിന് മുന്നിലെത്തിക്കും. ഒരാൾ വാദി,മറ്റെയാൾ പ്രതി.അവരുടെ പ്രശ്നത്തിന് കൃത്യമായി തീർപ്പ് കൽപ്പിക്കണം.അതിൽ രാജാവ് പരാജയപ്പെട്ടാൽ ചോദ്യം ഉന്നയിച്ചവൻ രാജാവാകും.കുഴഞ്ഞുമറിഞ്ഞ പലപല വിഷയങ്ങളുമായി കുട്ടികൾ ആവുന്നത്ര ശ്രമിച്ചിട്ടും കാട്ടുകല്ല് സിംഹാസനത്തിൽ ഉപവിഷ്ടനായ പയ്യനെ തോൽപ്പിക്കാനായില്ല.അവന്റെ തീർപ്പുകൾ അത്രയ്ക്കും യുക്തിപരവും നീതിപൂർവ്വവും ആയിരുന്നു.ആ വഴി വന്ന വൃദ്ധനായ ഒരു വഴിപോക്കൻ കുറച്ചുനേരം അവരുടെ കളി കണ്ടുനിന്നു.അയൽക്കാരനുമായി തീരാ കലഹത്തിലായിരുന്ന ആ വൃദ്ധനും ഒരു തമാശയ്ക്കുവേണ്ടി തന്റെ പ്രശ്നം കുട്ടി രാജാവിനോട് അവതരിപ്പിച്ചു.എന്നാൽ ആ വൃദ്ധനെ അക്ഷരാർത്ഥത്തിൽത്തന്നെ ഞെട്ടിപ്പിച്ചുകൊണ്ട് അയാളുടെ പ്രശ്നത്തിനും കുട്ടിരാജാവ് സ്ഥായിയായ പോംവഴി നിർദ്ദേശിച്ചു.അതോടെ പിള്ളേരുടെ കുട്ടിക്കളി ഗ്രാമത്തിൽ ചർച്ചയായി. തീർപ്പുകൽപ്പിക്കാൻ കഴിയാതെ

ഗ്രാമമുഖ്യൻപോലും കൈയ്യൊഴിഞ്ഞ കേസുകളുമായി മറ്റു ചിലരെത്തി.എല്ലാം കുട്ടി രാജാവ് പരിഹരിച്ചു. എന്തിനേറെപ്പറയ ണം,നാട്ടിലെ പ്രശ്നങ്ങളെല്ലാം ആ കുട്ടിരാജാവിന്റെ സദസിലേക്ക് എത്തിത്തുടങ്ങി.അതോടെ കളി കാര്യമായി.ഈ വാർത്ത സാക്ഷാൽ ചക്രവർത്തിയുടെ ചെവിയിലും എത്തി. അന്വേഷിച്ചപ്പോൾ കാര്യം ശരിയാണെന്ന് ചക്രവർത്തിക്കും  ബോധ്യമായി. " ഒരു കൊച്ചു പയ്യന് ഇതെങ്ങനെ സാധിക്കുന്നു?"– അദ്ദേഹത്തിന് അത്ഭുതമായി.ഇതിന് പിന്നിൽ മറ്റെന്തോ നിഗൂഢതയുണ്ടെന്ന് തോന്നിയ ചക്രവർത്തി പണ്ഡിതൻ കൂടിയായ തന്റെ ജ്യോത്സ്യനെ വിളിപ്പിച്ചു.അണുവിട പിഴയ്ക്കാത്ത ആ ജ്യോതിഷരത്നം ഒടുവിൽ കാരണം കണ്ടെത്തി.നടുങ്ങിപ്പോയ അയാൾ വെട്ടിവിയർത്തുകൊണ്ട് കാര്യം വെളിപ്പെടുത്തി.

"ആ പയ്യൻ ഇരിക്കുന്ന കാട്ടുകല്ലുകൾക്ക് താഴെ, ഒരുപാട് താഴെ... കാലചരമം പൂകിയ മഹാനായ  വിക്രമാദിത്യ ചക്രവർത്തിയുടെ സിംഹാസനം പുതഞ്ഞുകിടപ്പുണ്ട്.ഇനിയും ദ്രവിക്കാത്ത ആ സിംഹാസനത്തിന്റെ സാമീപ്യമാണ് അവന്റെ തീർപ്പുകൾക്ക് അസാമാന്യ നൈതികതയും യുക്തിയും പകരുന്നത്"

അത്ഭുതപരവശനായ ചക്രവർത്തി സോദ്ദേശ്യത്തോടെ ഇങ്ങനെ ആത്മഗതം ചെയ്തു.

"എങ്കിൽ തീർച്ചയായും ഞാനത് കണ്ടെത്തി ഇവിടെയെത്തിക്കും."

എന്നാൽ പണ്ഡിതനായ ആ ജോത്സ്യൻ എതിർത്തു.

"വേണ്ട... അതിന് ശ്രമിക്കേണ്ട "
" ശ്രമിക്കേണ്ടെന്നോ ....എന്തുകൊണ്ട്?"

അയാൾ ഉത്തരം പറഞ്ഞില്ല.ചക്രവർത്തി നിർബന്ധപൂർവ്വം ചോദ്യം ആവർത്തിച്ചപ്പോൾ അയാൾ തല താഴ്ത്തിപ്പിടിച്ച്,മടിച്ചുമടിച്ച് ആ കാരണം വെളിപ്പെടുത്തി.

"എന്തുകൊണ്ടെന്നാൽ ... ആ സിംഹാസനത്തിൽ ഇരിക്കുവാനുള്ള യോഗ്യത അങ്ങേയ്ക്കില്ല"

മറുപടികേട്ടതും ചക്രവർത്തി  കുപിതനായി  അലറി .

"എനിക്കില്ലാത്ത എന്തു യോഗ്യതയാണ് എട്ടുംപൊട്ടും തിരിയാത്ത ആ കാലിച്ചെറുക്കനുള്ളത്?"

തല ഉയർത്താതെ,വളരെ വിനയത്തോടെ പണ്ഡിതശ്രേഷ്ഠനായ ആ ജ്യോതിഷി അതിനും മറുപടി നൽകി.

"ആ എട്ടുംപൊട്ടും തിരിവില്ലായ്മക്ക് മറ്റൊരു ഭാഷ്യം കൂടിയുണ്ട് ... നിഷ്കളങ്കത അഥവാ നിർമ്മലത.മഹാനായ വിക്രമാദിത്യ ചക്രവർത്തിയുടെ സിംഹാസനം ആവശ്യപ്പെടുന്ന പ്രഥമ യോഗ്യതയും അതുതന്നെയാണ്"

-ANAND K B 8D

## WHO ARE YOU?

**During one of his travels, Kalidasa felt very thirsty and looked around for water. He saw a woman drawing water from a well. He went up to her and asked her for water. She agreed to give him water, but asked him, “Who are you? Introduce yourself.” Now Kalidasa thought that an ordinary village woman was not worthy of knowing who Kalidasa was. So he said, “I am a traveller.” But his lady replied, “In this world there are only 2 travellers – the Sun and the Moon. Both Rise and Set every day and keep travelling perpetually.”**

**O**

**Then Kalidasa said, “Alright then, I am a guest.” The lady promptly replied, “In this world there are only 2 guests – Youth and Wealth … both are temporary and hence can only be called as guests.”**

**Intrigued Kalidasa said, “I am a Tolerant person (sahansheel vyakti).” Now the lady replied, “In this world only 2 truly know the meaning of Tolerance – Bhoomi (Earth) and Tree. How much ever you stamp the earth or throw stones at the tree (for the fruits), both continue to nurture us.”**

**Now Kalidasa was completely perplexed. He said, “Fine. I am a stubborn person (hatavaadi).” The lady smiled and said, “There are only 2 truly stubborn**

personalities – our nails and our hair. We keep cutting them non-stop, but they continue to grow."

Kalidasa had been patient so far, but now in anger he said, "I am a fool". Now the lady gave a wide smile and said, "There are only 2 kinds of fools in this world – a King who rules without having any capability or knowledge & a Minister who is a sycophant to such a King and lavishes praises on such a useless king."

Kalidasa realised that he had been outsmarted. He fell at the feet of the lady and when he touched her feet and then got up, whom did he see? Mata Saraswati – the Goddess of Learning and Wisdom. She said, "Kalidasa, you are wise. But only if you know yourself do you become a Manushya (human being). A person without any awareness of self has not reached the pinnacle of being a Human.

Note: The Guru who recounted this story in His Pravachan said, "Children should become a Manushya & know themselves. More than teaching them how to earn more money and become rich, parents should teach them to become aware of themselves and become better Human beings

-CHACKOCHAN T 8C

## "വിവേചനം"

സമയം സന്ധ്യമയങ്ങി, തള്ളക്കോഴിക്ക് ആധിയായി 😰 കുഞ്ഞുങ്ങളെല്ലാം

കൂട്ടിൽകയറിക്കഴിഞ്ഞിട്ടില്ല.......

അവൾ നീട്ടിവിളിച്ചു.

ദൂരത്തുനിന്ന് കോഴികുഞ്ഞുങ്ങൾ വരിവരിയായി വന്നുതുടങ്ങി, അവൾപറഞ്ഞു

"വേഗംകൂട്ടിൽകയറുമക്കളേ"....എന്താ

നിങ്ങൾ ഇത്രതാമസിച്ചത് ?

ഞങ്ങൾ ഈ കൂട്ടുകാരനൊപ്പം കളിക്കുകയായിരുന്നമ്മേ...സമയംപോയതറിഞ്ഞില്ല...

കോഴിയമ്മ കുട്ടികളുടെക്യൂവിന്റെ പിന്നിലേക്ക് നോക്കി ......ഇവനോനിന്റെകൂട്ടുകാരൻ ?

അവൾ ഭയന്നുവിറച്ചു.

നിറവ്

**അമ്മേ അമ്മേ അവനെയും നമ്മുടെ കൂട്ടിൽകയറ്റണം അവനാണെങ്കിൽ കൂടില്ലമ്മേ..ഗുഹയിലാണ് താമസം "പാവം."**
**മക്കളേ അവൻ നമുക്കുപറ്റിയ കൂട്ടല്ല മക്കളേ അവൻ ഒരു കുറുക്കനാണ്**
**പക്ഷേകോഴികുഞ്ഞുങ്ങൾ പെട്ടെന്ന് സംഘടിച്ച് മുദ്രാവാക്യം വിളിച്ചുതുടങ്ങി "വിവേചനംഅവസാനിപ്പിക്കുക" അണയാറായ അന്തിത്തിരി കൊത്തികൊണ്ടുവന്ന് ഒരു കുഞ്ഞുകോഴി സ്വന്തം കൂടിന് തീവച്ചു........**

-ABHIJITH MANOJ 9A

## തിരിച്ചറിവ്

ഒരു ഗ്രാമത്തിൽ വളരെ പാവപ്പെട്ട ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. ദാരിദ്ര്യം മൂലം വളരെ ബുദ്ധിമുട്ടിയാണ് ആ കുടുംബം ജീവിച്ചിരുന്നത്.

അദ്ദേഹം നിത്യവും ഭഗവത്ഗീത പാരായണം ചെയ്യും.

രാവിലെ നിത്യ കർമ്മങ്ങളും സന്ധ്യാവന്ദനവും കഴിഞ്ഞാൽ നിഷ്ഠയോടെ കൃത്യമായും വിശ്വാസത്തോടും കൂടി തന്റെ പാരായണം മുടങ്ങാതെ നടത്തി വന്നു.

അദ്ദേഹത്തിന്റെ കുലത്തൊഴിലായ വേദാദ്ധ്യായനത്തിനായി കുട്ടികളാരും സമീപിക്കാതിരുന്നതുകൊണ്ട്, ഗ്രാമവാസികളോട് ഭിക്ഷയെടുത്താണ് നിത്യവൃത്തി കഴിച്ചിരുന്നത്.

ഗ്രാമവാസികൾക്കെല്ലാം അദ്ദേഹത്തെ നന്നായി അറിയാം. ദൂരെ നിന്നു അദ്ദേഹത്തെ കാണുമ്പോൾ എന്തെങ്കിലും ചോദിക്കും എന്നു കരുതി എല്ലാവരും അകത്തുകയറി കതകടക്കും.

അതുകൊണ്ട് അധിക ദിവസവും ആ ഗൃഹത്തിൽ പട്ടിണിയായിരുന്നു.

ഒരിക്കൽ വിശപ്പു സഹിക്കാതെ
അദ്ദേഹത്തിന്റെ പത്നി ചോദിച്ചു

"അങ്ങ് മുടങ്ങാതെ ഭഗവത് ഗീത വായിക്കുന്നതുകൊണ്ടു എന്തു ഫലം?

ആ പുസ്തകമെടുത്ത് മച്ചിൻപുറത്തേക്കിട്ട് അടുത്തുള്ള ഗ്രാമത്തിൽ പോയി ഉഞ്ചവൃത്തി എടുക്കാൻനോക്കു. കിട്ടുന്നത് കൊണ്ടു നമ്മുടെ വിശപ്പെങ്കിലും അടക്കാം.

നിത്യവും അങ്ങ്

'അനന്യാശ്ചിന്തയന്തോ മാം......'

എന്നു വായിക്കുന്നതു കേട്ടുകേട്ട് മടുത്തു.

ഇതു വായിച്ചിട്ട് ഒരു പ്രയോജനവും ഇല്ല. നമ്മുടെ യോഗവും ക്ഷേമവും നാം തന്നെ നോക്കണം!"

ഒരു നിമിഷം.... അദ്ദേഹത്തിനും പത്നി പറയുന്നത് ശരിയാണെന്നു തോന്നി.

താൻ ഇത്രയും നാളായിട്ട് ഭഗവത്_ഗീതയെ ആശ്രയിച്ചീട്ട് തനിക്ക് എന്തു കിട്ടി?

കുലത്തൊഴിൽ ചെയ്തു ജീവിക്കാൻ പോലും കഴിഞ്ഞില്ല.

തന്റെ പതി പറയുന്നത് പോലെ അടുത്ത ഗ്രാമത്തിൽ പോയി ഉഞ്ചവൃത്തി എടുത്താൽ വല്ലതും കിട്ടും. ഗീത വായിച്ച് വെറുതെ സമയം കളഞ്ഞത് കൊണ്ട് പ്രയോജനമൊന്നുമില്ല.

പെട്ടെന്നു ബ്രാഹ്മണൻ സങ്കടത്തോടെ ഭഗവത്ഗീതയിലെ

'അനന്യാശ്ചിന്തയന്തോ മാം
 യേ ജനാഃ പര്യുപാസതേ
തേഷാം നിത്യാഭിയുക്താനാം
യോഗക്ഷേമം വഹാമ്യഹം'

............എന്നു എഴുതിയിരിക്കുന്ന ഭാഗം കരിക്കട്ട കൊണ്ടു വരച്ചിട്ട് പുസ്തകം മച്ചിലേക്കു വലിച്ചെറിഞ്ഞു.

അദ്ദേഹം നിരാശയോടെ എഴുന്നേറ്റ് അടുത്ത ഗ്രാമത്തിലേക്കു നടന്നു.

ബ്രാഹ്മണൻ പോയ ഉടൻ തന്നെ ഒരു കുതിരവണ്ടി അവിടെ വന്നു നിന്നു.

"ഇവിടെ ആരുല്യേ?"

ശബ്ദം കേട്ട് ബ്രാഹ്മണപതി വാതിലിനു പുറകിൽ മറഞ്ഞുനിന്ന് പുറത്തേക്കു നോക്കി.

ഒരു കുതിരവണ്ടി ഗൃഹത്തിനു മുന്നിൽ നിർത്തിയിരിക്കുന്നു. അതിൽ നിറയെ പച്ചക്കറികളും പലവ്യഞ്ജനങ്ങളും ഉണ്ടായിരുന്നു.

വലതുകൈയിൽ കുതിരയുടെ കടിഞ്ഞാൺ പിടിച്ച് ഇടതുകൈയിൽ ചമ്മട്ടി കോലുമായി ആരോഗ്യദൃഢ ഗാത്രനും സുന്ദരനുമായ ഒരു യുവാവ് ഇരിക്കുന്നു.

നല്ല കറുത്ത നിറം. കണ്ണുകൾക്ക് വല്ലാത്ത വശ്യത. തലയിൽ പച്ചപ്പട്ടു കൊണ്ട് തലപ്പാവ് കെട്ടിയിരുന്നു. മഞ്ഞ വസ്ത്രം കൊണ്ട് തറ്റുടുത്തിരിക്കുന്നു.

പക്ഷേ മനോഹരമായ പുഞ്ചിരി പൊഴിക്കുന്ന പവിഴം പോലെയുള്ള അധരങ്ങളിൽ കരി തേച്ച് വികൃതമാക്കിയിരിക്കുന്നത് എന്തിനാണ്. എന്നിട്ടും ആ ചുണ്ടുകൾക്ക് എന്തൊരഴക്?

മുഖത്തു നിന്ന് കണ്ണെടുക്കാൻ  തോന്നുന്നില്ല . ഈ സുന്ദരനായ ഈ യുവാവ് ആരാണ്?

അവരുടെ മനസ്സ് വായിച്ചറിഞ്ഞതുപോലെ ആ യുവാവ് വണ്ടിയിൽ നിന്നിറങ്ങി അടുത്ത് വന്നിട്ട് പറഞ്ഞു .

"അമ്മേ ഞാൻ ഇവിടുത്തെ ഗൃഹനാഥന്റെ ഏറ്റവും അടുത്ത ബന്ധുവാണ്.

നിങ്ങൾ വളരെ കഷ്ടപ്പെടുന്നുണ്ട് എന്നറിയാമെങ്കിലും ഇപ്പോഴാണ് ഇവിടേയ്ക്ക് വരാൻ കഴിഞ്ഞത്.

നിങ്ങളെ സഹായിക്കാൻ താമസിച്ചു പോയി. പരിഭവിക്കരുത് . ഇപ്പോൾ എല്ലാം വാങ്ങിക്കൊണ്ടു വന്നിട്ടുണ്ട്. "

കുറെക്കാലത്തേക്ക് ആവശ്യമായ സാധനങ്ങളെല്ലാം  അവിടെ ഇറക്കിവച്ചിട്ട് ആ യുവാവ് തിരിച്ചു പോയി.

ബ്രാഹ്മണപത്നി  ആശ്ചര്യംകൊണ്ട് ഒന്നും മിണ്ടാനാവാതെ നിന്നു . അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ബന്ധുവാണ് എന്നല്ലേ പറഞ്ഞത്.

പക്ഷേ ഈ യുവാവിനെ ഞാനാദ്യമായിട്ടാണല്ലോ  കാണുന്നത്? ഇത്രയും ധനസ്ഥിതിയുള്ള അദ്ദേഹത്തിന്റെ ഈ ബന്ധു ആരാണ്? ആതിഥ്യ മര്യാദ പോലും താൻ മറന്നുപോയി.

എന്തായാലും അദ്ദേഹം വരുമ്പോഴേക്കും ഒരു വിഭവ സമൃദ്ധമായ സദ്യ തന്നെ ഒരുക്കി കൊടുക്കാം.

ബ്   ഉച്ചയോടെ ബ്രാഹ്മണൻ വീട്ടിലേക്ക മടങ്ങി വന്നപ്പോൾ അകത്തു നിന്നും ആഹാര പദാർത്ഥങ്ങളുടെ നല്ല മണം.

അദ്ദേഹം ആശ്ചര്യപ്പെട്ടു. ഇത്ര പെട്ടന്ന്  പലവ്യഞ്ജനങ്ങൾ എവിടെനിന്നു കിട്ടി.

അകത്തേക്ക് പ്രവേശിച്ച ഉടനെ
അദ്ദേഹത്തിന്റെ പത്നി സന്തോഷത്തോടെ ഓടിവന്നു.....നടന്നതെല്ലാം പറഞ്ഞു.

അദ്ദേഹത്തിന് അങ്ങനെ ഒരു ബന്ധുവിനെ ഒട്ടും അറിയില്ലായിരുന്നു.

ആശ്ചര്യത്തോടെ വന്ന ആളിന്റെ രൂപത്തെക്കുറിച്ച് ചോദിച്ചു.

യുവാവിന്റെ സുന്ദര രൂപത്തെ ബ്രാഹ്മണപത്നി വർണ്ണിച്ചു കേൾപ്പിച്ചു.

മാത്രമല്ല അദ്ദേഹം ഒരു കുതിരവണ്ടിയിൽ ആണ് വന്നത് എന്നും പറഞ്ഞു. ബ്രാഹ്മണന്റെ കണ്ണുകൾ സജലങ്ങളായി.

കൃഷ്ണാ പാർത്ഥസാരഥേ.....

പെട്ടെന്ന് ബ്രാഹ്മണന്റെ പത്നി എന്തോ ഓർത്തിട്ടെന്ന പോലെ  പറഞ്ഞു.

"ഒരു കാര്യം മാത്രം വളരെ വിചിത്രമായി എനിക്കു തോന്നി"

അതെന്താണ്?

"ചെമ്പവിഴം പോലെ അതി സുന്ദരമായ  യുവാവിന്റെ അധരം ആരോ കരികൊണ്ട് വരച്ചത് പോലെ കറുത്തിരുന്നു".

ഇതു കേട്ട ബ്രാഹ്മണൻ  ഒന്നു ഞെട്ടി.
'എന്റെ കൃഷ്ണാ' .......
എന്ന് ഉറക്കെ വിളിച്ചുകൊണ്ട്
വെപ്രാളത്തോടെ മച്ചിൽ കയറി ഭഗവത് ഗീത  തപ്പിയെടുത്ത് തുറന്ന്

'അനന്യാശ്ചിന്തയന്തോ മാം '
എന്ന ശ്ലോകം ചങ്കിടിപ്പോടെ നോക്കി.
അതിൽ വരച്ച ആ കരിയടയാളം കാണ്മാനില്ല. അദ്ദേഹം പൊട്ടിക്കരഞ്ഞു.

"കണ്ണാ....... 'യോഗക്ഷേമം വഹാമ്യഹം' അവിടുന്ന് പറഞ്ഞത് സത്യം തന്നെയാണ്.

ഞങ്ങൾക്ക് ഇന്ന ഈ സമയത്തു തരണം എന്നായിരുന്ന അങ്ങയുടെ സങ്കൽപ്പം. പക്ഷെ അതുവരെ കാത്തിരിക്കാനുള്ള ക്ഷമ ഞങ്ങൾക്കില്ലാതെ പോയല്ലോ?

അതിനു മുൻപ് ഞാൻ ധൃതി കൂട്ടി അങ്ങയുടെ ആ പവിഴാധരത്തിൽ കരി വാരി തേച്ചില്ലേ?"

ബ്രാഹ്മണനു വേണ്ടതെല്ലാം എടുത്തുകൊണ്ട് കണ്ണൻ പുറപ്പെട്ടു നിൽക്കുമ്പോഴാണ് ഭഗവത്ഗീത ശ്രീകൃഷ്ണ സ്വരൂപമാണെന്ന് മറന്ന് അദ്ദേഹം ഭഗവാന്റെ മുഖത്ത് കരി വാരിത്തേച്ചത് .

ഈ ബ്രാഹ്മണനെപ്പോലേയല്ലേ ഓരോ മനുഷ്യരും.........

നിങ്ങൾക്കുള്ളത് തീർച്ചയായും നിങ്ങൾക്കു തന്നെ കൃത്യസമയത്ത് കിട്ടും .

ഈശ്വരനിൽ അടിയുറച്ച ഭക്തിയുണ്ടെങ്കിൽ തീർച്ചയായും ഈശ്വരൻ നിങ്ങളുടെ കൺമുമ്പിൽ വരും. ഉറപ്പ്.....

ജഗദീശ്വരൻ നിങ്ങളിൽ കൃപ ചൊരിയാൻ സദാ തയ്യാറാണ്.....

പക്ഷേ.... നിങ്ങളുടെ മനസ്സ് അതിനു പാകമാകുന്നതുവരെ ദൈവീകത കാത്തിരിക്കുന്നു എന്നു മാത്രം....

-CAROL JOSEPH 9A

## ഒറ്റയടി പാതകൾ

**ഒറ്റയടി പാതകൾ ഒറ്റയ്ക്ക് പോകുന്നവർക്ക് വേണ്ടിയുള്ളതാണ്.**

## നിറവ്

ഒറ്റയ്ക്കൊറ്റയ്ക്കായി  മുമ്പേപോയവർ തെളിച്ച, വളഞ്ഞു പുളഞ്ഞു മുന്നോട്ട് പോകുന്ന, പ്രത്യാശയുടെ ഓരൊറ്റവഴി.

കൂട്ടം കൂട്ടമായി കലപില പറഞ്ഞു ഉച്ചത്തിൽ ചിരിച്ച വരുന്നവർ ഒറ്റയടി പാതയിലെത്തുമ്പോൾ ഒറ്റയ്ക്കാകുന്നു; നിശ്ശബ്ദരാകുന്നു. മൗനത്തിലേയ്ക്ക് കാൽവെച്ച്, ചിതറിയ ചിന്തകളിൽ കുരുങ്ങി, കൂട്ടത്തിൽ ഏകനായി, പിന്നാലെ പിന്നാലെ നീങ്ങുന്ന ഒരു നീളൻ കൂട്ടമായി നിമിഷനേരത്തിനുള്ളിൽ അവർ മാറുന്നു.

ഒറ്റയടി പാതകൾ ഒരു സ്വയം കണ്ടെത്തലാണ്. നമുക്ക് മുൻപേ പോയവർ ശരിയായിരിക്കാമെന്നും, അവർ തേടിയതും തിരഞ്ഞതും അവർ കണ്ടെത്തിയിരിക്കാമെന്നും, നമ്മൾ തിരയുന്നതും അത് തന്നെയാണെന്നും എങ്ങനെയൊക്കെയോ നമ്മെ വിശ്വസിപ്പിക്കുന്ന ഈ നേർത്ത വഴി!

കാത്തിരിപ്പിന്റെ  വഴി. തമ്മിൽ തമ്മിൽ ആളുകൾ മുഖം കാണാത്ത നേർവഴി.

ഒറ്റയ്ക്കായവർക്കെന്നും ഒറ്റയ്ക്കുപോകാൻ, സ്വപ്നങ്ങൾ വഴിതെളിക്കുന്ന ഒരൊറ്റവഴി.

-KEVIN SABU 9A

## കോടീശ്വരൻ

**ഒരു കോടീശ്വരൻ തന്റെ വീടിനു പുറത്ത് ഒരു വൃദ്ധനെ കണ്ടു. അയാൾ ആ വൃദ്ധനോട് ചോദിച്ചു, "നിങ്ങൾക്ക് പുറത്ത് തണുപ്പ് തോന്നുന്നില്ലേ, നിങ്ങൾ ഒരു കോട്ട് പോലും ധരിച്ചിട്ടില്ലേ?"**

**വൃദ്ധൻ പറഞ്ഞു, "എനിക്ക് ഒരു കോട്ട് ഇല്ല, വല്ലാതെ തണുക്കുന്നുണ്ട്" ഇത് കേട്ട് കോടീശ്വരൻ പറഞ്ഞു, "എന്നെ കാത്തിരിക്കുക. ഞാൻ ഇപ്പോൾ എന്റെ വീട്ടിൽ പോയി ഒരു നിങ്ങൾക്ക് ഒരു കോട്ട് എടുത്തിട്ട് വരാം"**

**പാവം ആ വൃദ്ധൻ സന്തോഷിച്ചു, അദ്ദേഹം കാത്തിരിക്കുമെന്ന് പറഞ്ഞു. ശതകോടീശ്വരൻ തന്റെ വീട്ടിലേക്ക് പോയി പക്ഷെ അവിടെ തിരക്കിലായി പാവത്തെ മറന്നു.ആ രാത്രി കഴിഞ്ഞു**

**രാവിലെ അയാൾ ആ പാവത്തെ വൃദ്ധനെ ഓർത്തു പെട്ടന്ന് ഒരു ഞെട്ടലോടെ വൃദ്ധനെ കാണാൻ പുറത്തേക്കു ഓടി, പക്ഷേ തണുപ്പ് കാരണം അയാൾ മരിച്ചിരുന്നു, പക്ഷേ അദ്ദേഹം തന്റെ കയ്യിൽ ഒരു കത്ത് മുറുകെ പിടിച്ചിരുന്നു അതിലെ വരികൾ ഇങ്ങനെ ആയിരുന്നു"തണുപ്പിനെ പ്രതിരോധിക്കുന്ന വസ്തുങ്ങൾ ഇല്ലാത്തപ്പോൾ എനിക്ക് തണുപ്പിനെതിരെ പോരാടേണ്ടി വന്നു. മാനസിക ശക്തി ഉണ്ടായിരുന്നപ്പോൾ അത് സാധിച്ചു പക്ഷേ എന്നെ സഹായിക്കാമെന്ന് നിങ്ങൾ വാഗ്ദാനം ചെയ്തപ്പോൾ, ഞാൻ നിങ്ങളുടെ വാഗ്ദാനത്തിൽ വിശ്വസിച്ചു അത് എന്റെ മാനസിക ശക്തിയെ നശിപ്പിച്ചു. "**

**നിങ്ങളുടെ വാഗ്ദാനം പാലിക്കാൻ കഴിയുന്നില്ലെങ്കിൽ ഒന്നും വാഗ്ദാനം ചെയ്യരുത്. ഇത് നിങ്ങൾക്ക് ഒരു വാക്ക് ആയിരിക്കാം എന്നാൽ, അത് കേൾക്കുന്നവർക്കു ഒരു പ്രതീക്ഷ ആകാം..**

# THE END